2025JANUARY
17
FRIDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# മെറ്റ 3600 ജീവനക്കാരെ പിരിച്ചുവിടാൻ ഒരുങ്ങുന്നു

**സാൻഫ്രാൻസിസ്കോ:**പ്രകടന മോശമാണെന്ന കാരണത്താൽ 3600 ജീവനക്കാരെ പിരിച്ചുവിടാൻ സമൂഹമാധ്യമ ഭീമൻ മെറ്റയുടെ നീക്കം വാർത്താ ശ്രദ്ധ ആകർഷിക്കുന്നു. ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, വാട്സാപ്പ് തുടങ്ങിയ പ്ലാറ്റ്ഫോമുകൾ ഉൾപ്പെടുത്തിയിരിക്കുന്ന ഈ കമ്പനിയുടേതായി 72,400 ജീവനക്കാരുള്ളത്. ഇതിൽ അഞ്ച് ശതമാനത്തോളം ജീവനക്കാരെ ഈ നടപടികൾ ബാധിക്കുമെന്ന് കമ്പനി സ്ഥിരീകരിച്ചു.




ഈ നീക്കവുമായി ബന്ധപ്പെട്ട് ആഭ്യന്തരമായി പുറത്തിറക്കിയ മെമോയുടെ വിവരങ്ങൾ പുറത്തുവന്നതോടെയാണ് മെറ്റയുടെ തീരുമാനം പ്രസിദ്ധമായത്. ഇത് പ്രകടന അടിസ്ഥാനത്തിൽ തൊഴിലാളികളെ ഒഴിവാക്കുന്ന പുതിയ പ്രവണതകളുടെ ഭാഗമാണ്.

മൈക്രോസോഫ്റ്റ് കഴിഞ്ഞ ആഴ്ച സമാനമായ തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. ആകെയുള്ള ജീവനക്കാരിൽ ഒരു ശതമാനത്തിൽ താഴെയുള്ളവരെയാണ് പിരിച്ചുവിട്ടത്. ഈ പ്രവണത നിരവധി കമ്പനികൾക്കിടയിൽ തൊഴിലാളികളുടെ നിലവാരത്തിന്റെ വിലയിരുത്തലിനു കാരണമായതായി സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു.

ഡോണൾഡ് ട്രംപ് അധികാരമേറ്റെടുക്കുന്നതിന് മുൻപ് മെറ്റ വ്യാപകമായ മാറ്റങ്ങൾ നടത്തുന്നു. ട്രംപുമായി അടുപ്പമുള്ള മാർക്ക് സക്കർബർഗ് കമ്പനിയുടെ രാഷ്ട്രീയ നിലപാടുകളിലും മാറ്റം വരുത്തിയിട്ടുണ്ട്. കൺസർവേറ്റീവ് ആശയങ്ങളോട് സൗഹൃദപരമായ സമീപനമാണ് മെറ്റ സ്വീകരിച്ചിരിക്കുന്നതെന്ന് പറയുന്നു.

വ്യക്തിഗത പ്രവർത്തനക്ഷമതയെ അടിസ്ഥാനമാക്കിയുള്ള ഈ പിരിച്ചുവിടലുകൾ ജീവനക്കാരിൽ ആശങ്ക ജനിപ്പിക്കുന്നു. തൊഴിലാളികൾക്ക് മറ്റുള്ള ജോലി അവസരങ്ങൾ കണ്ടെത്തുന്നതിൽ വലിയ വെല്ലുവിളി നേരിടേണ്ടിവരുമെന്ന് അനലിസ്റ്റുകൾ മുന്നറിയിപ്പ് നൽകുന്നു.

ബ്ലൂംബെർഗിന്റെ റിപ്പോർട്ടിങ്ങ് കൃത്യമാണെന്ന് കമ്പനി അംഗീകരിച്ചുവെങ്കിലും കൂടുതൽ വിവരങ്ങൾ നൽകാൻ മെറ്റ തയാറായില്ല. ഈ നീക്കങ്ങൾ തൊഴിലാളികൾക്കിടയിൽ ഉളവാക്കുന്ന മാനസിക സമ്മർദ്ദം ഭാവിയിൽ മെറ്റയുടെ പ്രവർത്തനങ്ങളെ എങ്ങനെ ബാധിക്കും എന്നു കാണേണ്ടതുണ്ട്.

# ഛത്തീസ്ഗഡിൽ 12 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു

**ബീജാപൂർ:** ഛത്തീസ്ഗഡിലെ ബീജാപൂരിൽ സംയുക്ത സുരക്ഷാസേനയും മാവോയിസ്റ്റുകളും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ 12 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. തെക്കൻ ബീജാപൂരിലെ വനത്തിനുള്ളിൽ വച്ചു വ്യാഴാഴ്ച രാവിലെയോടെയാണു വെടിവയ്പ്പ് ആരംഭിച്ചത്. 3 ജില്ലകളിൽ നിന്നുള്ള സംസ്ഥാന പൊലീസിന്റെ ജില്ലാ റിസർവ് ഗാർഡിലെ (ഡിആർജി) ഉദ്യോഗസ്ഥരും കോബ്രയുടെ അഞ്ച് ബറ്റാലിയനുകളും (സിആർപിഎഫിന്റെ എലൈറ്റ് ജംഗിൾ വാർഫെയർ യൂണിറ്റ് കമാൻഡോ ബറ്റാലിയൻ), സിആർപിഎഫിന്റെ 229ാം ബറ്റാലിയനും ഓപ്പറേഷനിൽ പങ്കെടുത്തതായി അധികൃതർ അറിയിച്ചു.

സുരക്ഷാ സൈനികർക്കു പരുക്കേറ്റിട്ടില്ല. മേഖലയിൽ ഇപ്പോഴും തിരച്ചിൽ തുടരുകയാണ്. ഈ മാസം ഇതുവരെ 26 മാവോയിസ്റ്റുകളാണ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടത്. ജനുവരി 12 ന് ബീജാപൂർ ജില്ലയിലെ മദ്ദേഡ് പൊലീസ് സ്റ്റേഷൻ പരിധിയിൽ സുരക്ഷാ ഉദ്യോഗസ്ഥരുമായുള്ള ഏറ്റുമുട്ടലിൽ രണ്ട് സ്ത്രീകൾ ഉൾപ്പെടെ അഞ്ച് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടിരുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്ത് 219 മാവോയിസ്റ്റുകളെയാണ് സുരക്ഷാസേന കൊലപ്പെടുത്തിയത്.

# സ്വർണ വില: പവന് 59,120 രൂപയായി

**മുംബൈ:** സംസ്ഥാനത്ത് സ്വർണവിലയിൽ വീണ്ടും വർധന. പവന് 59,120 രൂപയായി. 400 രൂപയാണ് കൂടിയത്. ഗ്രാമിനാകട്ടെ 7390 രൂപയുമായി.രാജ്യത്തെ കമ്മോഡിറ്റി എക്സ്ചേഞ്ച് ആയ എംസിഎക്സിൽ 10 ഗ്രാം 24 കാരറ്റ് സ്വർണ വില 80123 രൂപയാണ്. അന്താരാഷ്ട്ര വിപണിയിൽ സ്പോട് ഗോൾഡിന് ട്രോയ് ഔൺസിനു 2,697.18 ഡോളർ നിലവാരത്തിലുമാണ് വ്യാപാരം നടക്കുന്നത്.

# സ്വർണപ്പണയ വായ്പകളിലെ കിട്ടാക്കടം കൂടുന്നു



**കൊച്ചി:** രാജ്യത്തെ ബാങ്കുകൾക്കും ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങൾക്കും പുതിയ വെല്ലുവിളി സൃഷ്ടിച്ച് സ്വർണപ്പണയ വായ്പകളിലെ കിട്ടാക്കടം കുത്തനെ കൂടുന്നു. കഴിഞ്ഞ വർഷം ജൂൺ വരെ സ്വർണം ഈടായി നൽകിയവരിൽ 30 ശതമാനം പേർ തിരിച്ചടവ് മുടക്കി വായ്പ കിട്ടാക്കടമാക്കിയെന്ന് റിസർവ് ബാങ്കിൻറെ കണക്കുകൾ വ്യക്തമാക്കുന്നു.

പുതിയ കണക്കുകളനുസരിച്ച് സ്വർണ പണയ മേഖലയിലെ നിഷ്ക്രിയ ആസ്തി ജൂൺ വരെയുള്ള കാലയളവിൽ 6,696 കോടി രൂപയായാണ് ഉയർന്നത്. മൂന്നു മാസം മുൻപ് കിട്ടാക്കടം 5,149 കോടി രൂപയായിരുന്നു. വാണിജ്യ ബാങ്കുകൾ നൽകിയ സ്വർണ പണയ വായ്പകളിലെ കിട്ടാക്കടം ഇക്കാലയളവിൽ 62 ശതമാനം ഉയർന്ന് 2,445 കോടി രൂപയിലെത്തി. മാർച്ചിൽ സ്വർണ വായ്പകളിലെ കിട്ടാക്കടം 1,513 കോടി രൂപയായിരുന്നു. ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങളുടെ സ്വർണ വായ്പകളിലെ തിരിച്ചടവിലെ മുടക്കം 24 ശതമാനം മാത്രമാണ്.

സാമ്പത്തിക മേഖലയിലെ തളർച്ചയും വിലക്കയറ്റം ഉപയോക്താക്കളുടെ ജീവിതച്ചെലവ് വർധിപ്പിച്ചതും സ്വർണപ്പണയ വിപണിയിൽ കിട്ടാക്കടം കൂട്ടുന്നുവെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. കുടുംബ ബജറ്റ് നിലനിർത്താനും ആരോഗ്യ, വിദ്യാഭ്യാസ ചെലവുകൾ നിർവഹിക്കാനുമാണ് സ്വർണപ്പണയ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നത്. ലളിതമായ നടപടിക്രമങ്ങളോടെ അതിവേഗം പണം ലഭ്യമാകുമെന്നതാണ് പ്രധാന ആകർഷണം. എന്നാൽ തിരിച്ചടവ് സമയത്ത് പുതിയ ബാധ്യതകൾ വരുന്നതോടെ പണം മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതാണ് പ്രശ്നമാകുന്നതെന്ന് ബാങ്കിങ് രംഗത്തുള്ളവർ പറയുന്നു.

വ്യക്തിഗത വായ്പകളുടെവിതരണത്തിന് റിസർവ് ബാങ്ക് കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതോടെ പൊതു, സ്വകാര്യ ബാങ്കുകൾ സ സ്വർണപ്പണയ ബിസിനസിൽ ശ്രദ്ധയൂന്നുകയാണ്. മൈക്രോ ഫിനാൻസ് മേഖലയിലെ പ്രതിസന്ധികളും സ്വർണ പണയ വിപണിക്ക് പ്രിയം വർധിപ്പിക്കുന്നു. സ്വർണ വായ്പാ വിപണിയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് മറ്റു വായ്പകളെ പോലെ പ്രതിമാസ തിരിച്ചവ് തുക (ഇഎംഐ) ഈടാക്കുന്ന സംവിധാനം ഏർപ്പെടുത്തണമെന്ന് റിസർവ് ബാങ്ക് നിർദേശിച്ചിരുന്നു.



# പത്തനംതിട്ട ജില്ലയിൽ പാൽ ഉത്പാദനം കുറഞ്ഞു

**പത്തനംതിട്ട:** പത്തനംതിട്ട ജില്ലയിൽ പാൽ ഉത്പാദനം കുറയുന്നു. ദേശീയ ശരാശരി അനുസരിച്ച് ജില്ലയിലും പാൽ ഉത്പാദനം കുറയുന്നതായാണ് കണക്കുകളിൽനിന്നു വ്യക്തമാകുന്നത്. 2023 ഏപ്രിൽ മാസം പത്തനംതിട്ട ജില്ലയിൽ ക്ഷീരസംഘങ്ങൾവഴി 1539105 ലിറ്റർ പാൽ അളന്നിരുന്നു. 2024 മാർച്ച് 31ലെ കണക്കുകൾ പ്രകാരം ഇത് 1212630 ലിറ്ററായി കുറഞ്ഞു. 326475 ലിറ്റർ പാലിൻറെ കുറവാണ് ഒരു വർഷം ക്ഷീരസംഘങ്ങളിൽ അളന്ന പാലിൽ ഉണ്ടായിരിക്കുന്നത്.



ജില്ലയിൽ ആവശ്യമായ പാൽ അനുബന്ധ ഉത്പന്നങ്ങളുടെ നാലിൽ ഒരു ഭാഗമാണ് ക്ഷീരോത്പാദക സഹകരണ സംഘങ്ങളിൽ അളക്കുന്നത്. 40000 ലിറ്റർ പാൽ സഹകരണ സംഘങ്ങളിൽ അളക്കുകയാണെങ്കിൽ 29000 ലിറ്റർ മിൽമയിലേക്കും ബാക്കി പ്രാദേശികമായും വിതരണം ചെയ്യുകയാണെന്നു ക്ഷീര വികസന വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ മഞ്ജു പറഞ്ഞു.

അഞ്ചു വർഷമായി പശുവിനെ വളർത്തി പാൽ ശേഖരിച്ച് സംഘങ്ങളിൽ അളന്നുവന്നവരുടെ എണ്ണത്തിലും കുറവുണ്ടാവുന്നതായി ക്ഷീര വികസന വകുപ്പിൻറെ കണക്കുകളിൽ നിന്നു വ്യക്തമാകുന്നു. പത്തനംതിട്ട ജില്ലയിൽ നിലവിൽ 198 രജിസ്റ്റർ ചെയ്ത ക്ഷീരസംഘങ്ങൾ ഉണ്ടെന്നാണ് കണക്ക്.

ഇതിൽ 183 എണ്ണം അപ്കോസിന് കീഴിലും 15 എണ്ണം അപ്കോസിനു പുറത്തും രജിസ്റ്റർ ചെയ്തിരിക്കുന്നവയാണ്. എന്നാൽ ജില്ലയിൽ പ്രവർത്തിക്കുന്നക്ഷീര സംഘങ്ങൾ 173 ആയി കുറഞ്ഞതായി സംസ്ഥാന ഡയറി ഡെവലപ്മെൻറ് വകുപ്പിൻറെ കണക്കിൽ പറയുന്നു.

ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകരുടെ എണ്ണം കുറഞ്ഞുവരുന്നതിനു കാരണം പലതാണ്. ക്ഷീരകർഷകരുടെ കുട്ടികളുടെ കുടിയേറ്റം മുതൽ കാലിത്തീറ്റ വില വർധനയടക്കം ഉത്പാദനച്ചെലവിലുണ്ടായ വർധനവരെ കാരണമായിട്ടുണ്ട്. പുതുതലമുറയ്ക്കു പശു വളർത്തലിനോട് വിമുഖതയാണ്. പശു വളർത്തൽ നഷ്ടമെന്ന പേരിൽ പലരും ഇതുപേക്ഷിച്ചു.

വീടുകളിൽ പശുവിനെ വളർത്തി പാൽ ശേഖരിച്ച് സംഘങ്ങളിൽ അളക്കുന്നവരുടെ എണ്ണത്തിലാണ് കുറവുണ്ടായത്. ഇതുമൂലം പല സംഘങ്ങളിലും പാൽ വില്പന കുറഞ്ഞു. മിൽമയ്ക്കു നൽകാനും പാൽ തികയുന്നില്ല. വൈകുന്നേരങ്ങളിലാണ് പ്രതിസന്ധി രൂക്ഷം. വരവും ചെലവും തമ്മിൽ കൂട്ടിമുട്ടാതെവന്നതോടെ ഏറെപ്പേരും പുശവളർത്തൽ അസാനിപ്പിച്ച മട്ടാണ്.



# പുഞ്ച വെള്ളക്കെട്ടിൽ; നെൽകർഷകർ ആശങ്കയിൽ

**ചാരുംമൂട്:** ഓണാട്ടുകരയുടെ നെല്ലറ എന്നറിയപ്പെടുന്ന കരിങ്ങാലിച്ചാൽ പെരുവേലിച്ചാൽ പുഞ്ചയിൽ നെൽകൃഷി ഇറക്കാനുള്ള സമയം കഴിഞ്ഞിട്ടും നിലമൊരുക്കാൻ നെൽകർഷകർക്ക് ഇനിയും സാധിച്ചിട്ടില്ല. പെരുവേലിച്ചാൽ പാടശേഖരത്തു മാത്രം 500 ഏക്കർ നിലം വിത്ത് വിതയ്ക്കാൻ ഒരുക്കണമെങ്കിൽ പുഞ്ചയിൽ കെട്ടിനിൽക്കുന്ന വെള്ളം യുദ്ധകാലാടിസ്ഥാനത്തിൽ പമ്പ് ചെയ്ത് വെള്ളം അച്ചൻകോവിലാറ്റിലേക്കു തിരിച്ചുവിടണം.

ഇതിനുവേണ്ടി പുലിമേൽ കുബിളിമലയുടെ വടക്കുഭാഗത്തായി സ്ഥാപിച്ചിരിക്കുന്ന 50 എച്ച്പി, 30 എച്ച്പി മോട്ടോറുകൾ രാവും പകലും പ്രവർത്തിപ്പിക്കണം. എന്നാൽ, കരാറുകാരൻ ഗുണനിലവാരമില്ലാത്ത മോട്ടറുകളാണ് ഉപയോഗിക്കുന്നതെന്ന പരാതിയും ശക്തമാണ്.വെള്ളത്തിൻറെ അളവു വർധിക്കുമ്പോൾ പമ്പ് കേടാവുന്ന പതിവുകാഴ്ചയാണ് ഇപ്പോഴുള്ളത്. മകരവിളക്കിനു മുമ്പായി നെൽവിത്ത് പാകാനുള്ള എല്ലാ ഒരുക്കങ്ങളും നെൽകർഷകർ ഒരുക്കിയിരുന്നു. ചുനക്കര തഴക്കര നൂറനാട് പഞ്ചായത്തുകളിലായാണ് പുഞ്ച വ്യാപിച്ച് കിടക്കുന്നത് നൂറനാട്ചുനക്കരതഴക്കര പഞ്ചായത്ത് കൃഷിഭവനുകൾ അടിയന്തരമായി ഇടപെടിൽ നടത്തി കർഷകർക്കുള്ള ആശങ്കയക്കു പരിഹാരം കാണണമെന്നാണ് ആവശ്യം.

നെൽകർഷക സമിതിയും പാടശേഖര സമിതിയും കൃഷിഭവൻറെ അടിയന്തര ഇടപെടൽ ഉണ്ടാകുമെന്ന പ്രതീക്ഷയിലാണിപ്പോൾ. ഉടനെ കൃഷിയിറക്കിയില്ലെങ്കിൽ വിളവാകുമ്പോഴേക്കും വെള്ളം കയറി കൃഷി മുങ്ങും. ഇതുകാരണം കൃഷിയിറക്കാൻ കർഷകർ ഇപ്പോൾ മടിക്കുകയാണ്. മോട്ടോർ ലേലം പിടിച്ച കരാറുകാർ എത്രയും വേഗം പ്രശ്നം പരിഹരിച്ചില്ലെങ്കിൽ കർഷകർക്ക് കൃഷിയിറക്കാൻ കഴിയില്ല.

തരിശുകിടന്ന പുഞ്ചകളാണ് പെരുവേലിൽചാൽ കരിങ്ങാലിൽചാൽ പുഞ്ചകൾ. തൊഴിലാളി ക്ഷാമം, കൂലിവർധന, വെള്ളപ്പൊക്കം, വേനൽ എന്നിവ കാരണം കൃഷിയിറക്കുന്ന കർഷകർക്ക് വിളവെടുക്കുമ്പോൾ ദുരിതകാലമാണ്. കർഷകർ വീണ്ടും കൃഷിയിലേക്കിറങ്ങിയിട്ട് കുറച്ചുവർഷങ്ങളെ ആയിട്ടുള്ളു.



# കുടിവെള്ള പദ്ധതി പ്ലാൻറ് നിർമാണം തുടങ്ങി

**പത്തനംതിട്ട:** 27. 62 കോടി രൂപ ചെലവിൽ പത്തനംതിട്ട നഗരസഭ നടപ്പാക്കുന്ന അമൃത് പദ്ധതിയുടെ ആധുനിക ജലശുദ്ധീകരണ പ്ലാൻറിൻറെ നിർമാണോദ്ഘാടനം ചെയർമാൻ ടി. സക്കീർ ഹുസൈൻ നിർവഹിച്ചു. പ്ലാൻറ് നിർമാണത്തിന് 14.87 കോടി രൂപയാണ് ചെലവ്. 18 മാസം കൊണ്ട് പദ്ധതി പൂർത്തിയാകും.

ചടങ്ങിൽ ഡെപ്യൂട്ടി ചെയർപേഴ്സൺ ആമിന ഹൈദരാലി അധ്യക്ഷത വഹിച്ചു. സ്ഥിരംസമിതി അധ്യക്ഷരായ ജെറി അലക്സ്, എസ്. ഷെമീർ, പ്രതിപക്ഷ നേതാവ് കെ. ജാസിംകുട്ടി, ജില്ലാ ആസൂത്രണ സമിതി അംഗം പി.കെ. അനീഷ്, കൗൺസിലർമാരായ എ. സുരേഷ് കുമാർ, വിമല ശിവൻ, ശോഭ കെ. മാത്യു, സി.കെ. അർജുനൻ,

ആർ. സാബു, എ. അഷറഫ്, എസ്. ഷീല, സുജാ അജി, നീനു മോഹൻ, വി. ആർ. ജോൺസൺ, എസ്. ഷൈലജ, എം.സി. ഷെരീഫ്, ആനി സജി, ജലവിഭവ വകുപ്പ് സൂപ്രണ്ടിംഗ് എൻജിനിയർ ആർ.വി. സന്തോഷ് കുമാർ, അസി. എക്സി. എൻജിനിയർ ശ്രീലേഖ, കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺ പൊന്നമ്മ ശശി തുടങ്ങിയവർ പങ്കെടുത്തു.

# തിരുവൈരാണിക്കുളം ഫെസ്റ്റ്: ഒരുക്കങ്ങൾ തുടങ്ങി

**കാലടി:** തിരുവൈരാണിക്കുളം ഫെസ്റ്റിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ഏപ്രിൽ 6 മുതൽ 12 വരെ തിരുവൈരാണിക്കുളം കൈലാസം വെൽനസ് പാർക്കിലാണ് ഫെസ്റ്റ് നടക്കുക. ഫെസ്റ്റിൻറെ ഭാഗമായുള്ള സമ്മാന കൂപ്പൺ വിതരണ ഉദ്ഘാടനം അൻവർ സാദത്ത് എംഎൽഎ നിർവഹിച്ചു.

ഫെസ്റ്റ് കൺവീനർ കെ.എ. പ്രസൂൺകുമാർ. ജോയിൻറ് കൺവീനർ സി.എച്ച്. റസാഖ്, വൈസ് ചെയർമാൻ ടോമി വെളുത്തേപ്പിള്ളി, തിരുവൈരാണിക്കുളം ക്ഷേത്ര ട്രസ്റ്റ് അംഗങ്ങളായ എൻ. ഷാജൻ, എം.എസ്. അശോകൻ, എ. മോഹൻകുമാർ, ബ്ലോക്ക് പഞ്ചായത്ത് മുൻഅംഗം പി.സി. സുരേഷ് കുമാർ തുടങ്ങിയവർ പങ്കെടുത്തു. ഒന്നാം സമ്മാനം ഇലക്ട്രിക് സ്കൂട്ടർ ഉൾപ്പെടെ പത്തോളം സമ്മാനങ്ങൾ ആണ് നറുക്കെടുപ്പിലൂടെ നൽകുന്നത്.

നടതുറപ്പ് മഹോത്സവം നടക്കുന്ന തിരുവൈരാണിക്കുളം ക്ഷേത്രത്തിൽ ഒരുക്കിയിരിക്കുന്ന ഫെസ്റ്റ് സ്റ്റാളിൽ നിന്നും സമ്മാനക്കൂപ്പൺ ലഭിക്കും. അമ്യൂസ്മെൻറ് പാർക്ക്, വിവിധ കലാപരിപാടികൾ, വ്യാപാരമേള, ഭക്ഷ്യമേള, സാംസ്കാരിക സദസുകൾ, ലൈവ് കാരിക്കേച്ചർ, മാജിക് ഷോ തുടങ്ങിയവ ഫെസ്റ്റിൻറെ ഭാഗമായി ഉണ്ടാകും.

തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്ര ട്രസ്റ്റിൻറെ ആഭിമുഖ്യത്തിൽ സമീപ പഞ്ചായത്തുകളായ ശ്രീമൂലനഗരം, കാഞ്ഞൂർ, വാഴക്കുളം എന്നിവയുടേയും വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടേയും സഹകരണത്തോടെയാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. തുടർച്ചയായി രണ്ടാം വർഷമാണ് ഫെസ്റ്റ് നടക്കുന്നത്.

# ജലവൈദ്യുതി ഉത്പാദനവും കുടിവെള്ളവും പ്രതിസന്ധിയിൽ

**കല്ലടിക്കോട്:** കല്ലടിക്കോടൻ മലയിൽനിന്നും ഉത്ഭവിക്കുന്ന മീൻവല്ലംപുഴ വറ്റിവരണ്ടു. വൈദ്യുതി ഉത്പാദനവും കുടിവെള്ളവും പ്രതിസന്ധിയിൽ.

വേനൽ കടുത്തതോടെ പുഴയുടെ വൃഷ്ടിപ്രദേശങ്ങളിൽ ഉണക്കം ബാധിച്ചതാണു നീരൊഴുക്കു നിലയ്ക്കാൻ കാരണമായത്. ജില്ലാ പഞ്ചായത്തിൻറെ നേതൃത്വത്തിൽ ജലവൈദ്യുതി ഉത്പാദിപ്പിക്കുന്നുമുണ്ട്.

എന്നാൽ വേനൽ കടുക്കുകയും പുഴ വറ്റിവരളുകയും ചെയ്തതോടെ വൈദ്യുതി ഉത്പാദനവും പ്രതിസന്ധിയിലാണ്. നീരൊഴുക്ക് കുറഞ്ഞതോടെ തുപ്പനാട്പുഴയിലെ വെള്ളത്തിൻറെ അളവും കുറഞ്ഞു.

പ്രദേശത്തെ കൃഷികളും കരിഞ്ഞുണങ്ങാൻ തുടങ്ങി. പുഴവെള്ളത്തെ ആശ്രയിച്ചു പച്ചക്കറികൃഷി ചെയ്തവരും നേന്ത്രവാഴ വച്ചവരുമാണ് ഏറെ പ്രതിസന്ധിയിലായത്.

മലയോര മേഖലയിൽ പുഴ പൂർണമായും വറ്റുന്നത് ഇതാദ്യമാണെന്നു പ്രദേശത്തെ കർഷകർ പറയുന്നു. മാർച്ച്, ഏപ്രിൽ മാസമാകുമ്പോഴേക്കും ഉണക്കംകൂടാനും കൃഷികൾ ഉണങ്ങിനശിക്കാനും കാരണമാകുമെന്നും കർഷകർ പറയുന്നു. കഴിഞ്ഞ ഇരുപതുവർഷത്തിനിടയിൽ ഇങ്ങനെ ഉണക്കമുണ്ടായിട്ടില്ലെന്നും ചൂണ്ടിക്കാണിക്കുന്നു.

# നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളം മാറിയെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിലൂടെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളം മാറിയെന്നും ഇതു സംസ്ഥാനത്തിന്റെ വ്യവസായ വേഗത കൂട്ടിയതായും മുഖ്യമന്ത്രി പിണറായി വിജയൻ. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായി നടന്ന യോഗത്തിൽ ഐടി കമ്പനി പ്രതിനിധികളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയായിരുന്നു അദ്ദേഹം. കണക്ടിവിറ്റിക്ക് വളരെയധികം പ്രാധാന്യമാണു സംസ്ഥാന സർക്കാർ നൽകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

എയർപോർട്ടുകളുടെ വികസനം കേന്ദ്രസർക്കാരുമായി സഹകരിച്ച് വേഗത്തിലാക്കാൻ ശ്രമിക്കുകയാണു. കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രിയുമായി ഇതിനകം ചർച്ച നടത്തി. ഇതിനായി സിവിൽ ഏവിയേഷൻ സമ്മിറ്റ് നടത്താൻ അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. കോഴിക്കോടും കണ്ണൂരും വിമാനത്താവളങ്ങൾ കൂടുതൽ വികസിക്കേണ്ടതാണ്. ഇതോടൊപ്പം ശബരിമല വിമാനത്താവളവും യാഥാർഥ്യമാകും. വിവിധ എയർ സ്ട്രിപ്പുകളുടെ നിർമാണം, റോഡുകളുടെ വികസനം എന്നിവയും പൂർത്തീകരിക്കുകയാണ്. കൊച്ചി വാട്ടർ മെട്രോയുടെ വികസനം, കോവളം ബേക്കൽ ദേശീയ ജലപാത എന്നിവയും ഉടൻ പൂർത്തിയാകും. ജലഗതാഗത സംവിധാനങ്ങളുടെ വികസനം കൂടുതൽ വ്യവസായ സാധ്യതകളൊരുക്കും" മുഖ്യമന്ത്രി പറഞ്ഞു.

നിലവിൽ കൂടുതൽ ടെക്നോ പാർക്കുകൾക്ക് സർക്കാർ സന്നദ്ധമാണ്. മൂന്ന് ഐടി കോറിഡോറുകൾ സംസ്ഥാനം നിർദേശിച്ചു കഴിഞ്ഞു. രാജ്യത്തെ ആദ്യ ടെക്നോപാർക്കായിട്ടും വേണ്ടത്ര വളർച്ച തിരുവനന്തപുരത്തെ ക്യാംപസിന് ഒരു ഘട്ടത്തിൽ നേടാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇന്ന് ആ സ്ഥിതി മാറുകയും വേഗത കൂടി വികാസം വർധിക്കുകയും ചെയ്തു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഏഴാം ക്ലാസ് പാഠ പുസ്തകത്തിൽ സംസ്ഥാനം ഉൾപ്പെടുത്തി. ഈ മേഖലയിൽ കൂടുതൽ മുന്നേറ്റത്തിനും അനുബന്ധ വ്യവസായ സാധ്യതകൾക്കും സംസ്ഥാനം സന്നദ്ധമാണ്." പ്രതിനിധികളുടെ ചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി പറഞ്ഞു.

യൂറോപ്പ് കണക്റ്റിവിറ്റി വർധിപ്പിക്കുന്നതിനായി കൂടുതൽ വിമാന സർവീസുകൾ ആവശ്യമുണ്ടെന്ന പ്രതിനിധികളുടെ ആവശ്യത്തോടു യോജിക്കുന്നു. സംസ്ഥാനത്തിന്റെ മനുഷ്യ വിഭവശേഷി ഇവിടെ തന്നെ ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ പ്രൊഫഷണലുകളെ ആകർഷിക്കുന്നതിനു മെച്ചപ്പെട്ട സ്ഥാപനങ്ങൾ കൂടുതൽ കേരളത്തിലെത്തേണ്ടതായുണ്ട്.

കേരളത്തിലുള്ളവരെ ഇവിടെ നിലനിർത്തുകയും പുറത്തുള്ള മികച്ച പ്രൊഫഷണലുകളെ എത്തിക്കുകയും ചെയ്യണം. നിർദിഷ്ട മൂന്ന് ഐടി കോറിഡോർ സാധ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നത് ഈ സാഹചര്യത്തിലാണ്" മുഖ്യമന്ത്രി വ്യക്തമാക്കി. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ്, വ്യവസായ വകുപ്പ് ഡയറക്ടർ എസ്.ഹരി കിഷോർ, എസ്.ഡി. ഷിബുലാൽ, വി.കെ.മാത്യൂസ് എന്നിവർ സംബന്ധിച്ചു.

# ടൂറിസം കേന്ദ്രങ്ങളിൽ വൻ നിരക്ക് വർധന

**തൊടുപുഴ:** ജില്ലയിൽ കോട്ടയം വനംഡിവിഷനു കീഴിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ പ്രവേശന ഫീസ് ഉയർത്തി. നഗരംപാറ , അയ്യപ്പൻകോവിൽ വനവികസന ഏജൻസിയിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലാണു പ്രവേശന ഫീസ് ഇരട്ടിയിലധികം കൂട്ടി കോട്ടയം ഫോറസ്റ്റ് ഡിവിഷനൽ ഓഫിസർ എൻ.രാജേഷ് ഉത്തരവിട്ടത്. കാൽവരിമൗണ്ട്, ചെല്ലാർകോവിൽ, വാഗമൺ, പൈൻവാലി, ഇടുക്കി മൈക്രോ വ്യൂ പോയിന്റ് എന്നിവിടങ്ങളിലെ ടിക്കറ്റ് നിരക്കിൽ മാറ്റം വന്നു.

കോലാഹലമേട് പൈൻവാലിയിലാണ് ഏറ്റവും വലിയ വർധനയുണ്ടായിരിക്കുന്നത്. 10ൽ നിന്നു 30 രൂപയിലേക്കാണു ഫീസ് !കൂട്ടിയത്. കുട്ടികളുടെ നിരക്ക് 5ൽ നിന്നു 15 ആയി ഉയർത്തി. പ്രതിദിനം നൂറുകണക്കിനു സന്ദർശകരാണ് ഇവിടേക്ക് എത്തുന്നത്. ശനി, ഞായർ, ദിവസങ്ങളിലും മറ്റ് അവധി ദിനങ്ങളിലും സന്ദർശകരുടെ എണ്ണം ആയിരങ്ങളിലേക്കു കടക്കും. ഇരിപ്പിടങ്ങൾ ഉൾപ്പെടെ പൈൻവാലിയിൽ സന്ദർശകർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളോ മറ്റു ക്രമീകരണങ്ങളോ ഒന്നും തന്നെ ഏർപ്പെടുത്താതെയാണു പ്രവേശന ഫീസ് ഉയർത്തിയത്. നിരക്ക് ഉയർത്തിയ മറ്റിടങ്ങളിലും ഇതു തന്നെയാണ് അവസ്ഥ. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ (ഡിടിപിസി) കേന്ദ്രങ്ങളിലെ വ്യൂ പോയിന്റുകളിൽ 25 രൂപയാണു ശരാശരി നിരക്ക്. എന്നാൽ വനംവകുപ്പിന്റെ കേന്ദ്രങ്ങളിൽ നിരക്ക് വർധനയിലൂടെ പ്രവേശന നിരക്ക് ശരാശരി 40 രൂപയായി മാറിയിരിക്കുകയാണ്.

പൈൻവാലിയിൽ ശുചിമുറി സംവിധാനം ഏർപ്പെടുത്തിയ ശേഷമാണ് പ്രവേശന ഫീസ് കൂട്ടിയതെന്നാണു വനംവകുപ്പ് വിശദീകരിക്കുന്നത്. ഇതിനിടെ അവശ്യ സൗകര്യങ്ങൾ ഉറപ്പാക്കാൻ തയാറാകാതെ ഏകപക്ഷീയമായി നടത്തിയ ഫീസ് വർധനയ്ക്കെതിരെ കേരള ടൂറിസം ഡവലപ്മെന്റ് കോഓപ്പറേറ്റീവ് സൊസൈറ്റി ഭരണസമിതി കോട്ടയം ഡിഎഫ്ഒയ്ക്കു കത്ത് നൽകിയതായി പ്രസിഡന്റ് വി.സജീവ് കുമാർ പറഞ്ഞു.

# റബർ ഉത്പാദനം: കോട്ടയം ഒന്നാമത്, വരുമാനം 1450 കോടി

**കോട്ടയം:** കേരളത്തിലെ ആകെ റബർ ഉത്പാദനത്തിൽ 20.1 ശതമാനവുമായി കോട്ടയം ജില്ല ഒന്നാമത്. കോട്ടയത്തിൻറെ വാർഷിക ഉത്പാദനം 1.07 ലക്ഷം ടൺ. റബറിൽനിന്ന് 1450 കോടി രൂപയുടെ വാർഷിക വരുമാനം ജില്ലയ്ക്കുണ്ട്. ഉത്പാദനത്തിൽ 11.2 ശതമാനവുമായി രണ്ടാം സ്ഥാനം എറണാകുളത്തിന്. ഇവിടെ 59,500 ഹെക്ടറിൽ റബറിൽനിന്നുള്ള വരുമാനം 805 കോടി രൂപ. ഉത്പാദനത്തിൽ 9.8 ശതമാനവുമായി പത്തനംതിട്ട ജില്ലയാണ് മൂന്നാം സ്ഥാനത്ത്.



പത്തനംതിട്ടയിൽ 52,200 ഹെക്ടറിൽ റബർ കൃഷിയുണ്ട്. വരുമാനം 706 കോടി രൂപ. തൊട്ടുതാഴെ യഥാക്രമം കണ്ണൂർ, കൊല്ലം, മലപ്പുറം, പാലക്കാട് ജില്ലകളാണ് ഉത്പാദനത്തിലും വരുമാനത്തിലും മുൻനിരയിലുള്ളത്. 3700 ഹെക്ടറിൽ മാത്രം റബറുള്ള ആലപ്പുഴ ജില്ലയിലാണ് ഏറ്റവും കുറവ്. റബർ വരുമാനം 50 കോടി.

സംസ്ഥാനത്തെ വാർഷിക റബർ ഉത്പാദനം 5.33 ലക്ഷം ടണ്ണാണ്. കഴിഞ്ഞ സാമ്പത്തിക വർഷം റബർ കൃഷിയിൽനിന്ന് സംസ്ഥാനത്തിന് ലഭിച്ചത് 9500 കോടി രൂപ. റബർ ബോർഡ് ഗവേഷണകേന്ദ്രം ഇന്നേവരെ വികസിപ്പിച്ച ക്ലോണുകളിൽ ആർആർഐഐ 105 ഇനമാണ് ഉത്പാദനത്തോതിൽ ഏറ്റവും മികവു കാണിച്ചത്.പ്രതിരോധശേഷിയിൽ മികച്ചതെങ്കിലും അവസാനം ഇറക്കിയ 400 സീരീസ് ക്ലോണുകൾ പ്രതീക്ഷ നേട്ടം എല്ലാ പ്രദേശങ്ങളിലും സീസണുകളിലും നൽകുന്നില്ല. റബർ കൃഷി കേരളീയരുടെ വിദ്യാഭ്യാസം, വിദേശപഠനം, അടിസ്ഥാന സൗകര്യങ്ങൾ, ജീവിത നിലവാരം എന്നിവയിലെല്ലാം അതിവേഗ ഉയർച്ചയുണ്ടാക്കിയതായി റബർ ബോർഡ് നടത്തിയ സർവേ പറയുന്നു. വസ്തുത ഇതായിരിക്കെയും വിലയിടിവ്, കൃഷിച്ചെലവ്, തൊഴിലാളിക്ഷാമം തുടങ്ങിയ കാരണങ്ങളാൽ കോട്ടയം ഉൾപ്പെടെ ഏറെ ജില്ലകളിലും റബർകൃഷിയും ഉത്പാദനവും അതിവേഗം കുറയുകയാണ്.

# കുറഞ്ഞ ചെലവിൽ നഴ്സിംഗ് പഠനം

**കൊച്ചി:** വിദേശത്ത് നഴ്സിംഗ് പഠിക്കാനും ജോലി നേടാനുമുള്ള അവസരവുമായി ജീബീ എഡ്യുക്കേഷൻ. ഹംഗറി, മലേഷ്യ, ജോർജിയ എന്നീ രാജ്യങ്ങളിൽ നഴ്സിംഗ് പഠിക്കാനാണ് ഇപ്പോൾ അവസരമുള്ളത്.

പഠനം പൂർത്തിയാകുന്നവർക്ക് അതാത് രാജ്യത്തോ മറ്റ് രാജ്യങ്ങളിലോ രജിസ്ട്രേഡ് നഴ്സായി ജോലിയിൽ പ്രവേശിക്കാം.

ഐഇഎൽടിഎസ്, പിടിഇ തുടങ്ങിയ പ്രവേശന യോഗ്യതകൾ ആവശ്യമില്ല. പ്ലസ്ടു പാസായവർക്ക് അപേക്ഷിക്കാം. കുറഞ്ഞ ഫീസിൽ കോഴ്സ് പൂർത്തിയാക്കാൻ സാധിക്കും. സ്റ്റഡ് ഗാപ് ഉള്ളവർക്കും അപേക്ഷിക്കാം. കൂടുതൽവിവരങ്ങൾക്ക് 9995679756.

# ഔഷധിയിൽ ഹൗസ് സർജൻസിക്ക് അവസരം

**തൃശൂർ:** ബിഎഎംഎസ് പൂർത്തിയാക്കിയവർക്കു പഞ്ചകർമ ചികിത്സകൾക്കു പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രത്യേക ഹൗസ് സർജൻസി ചെയ്യുന്നതിന് സർക്കാർ സ്ഥാപനമായ ഔഷധിയിൽ അവസരം.

എൻഎബിഎച്ച് അംഗീകാരമുള്ള 75 കിടക്കകളോടുകൂടിയ ഔഷധി പഞ്ചകർമ ആശുപത്രിയിൽ വിദഗ്ധഡോക്ടർമാരുടെ കീഴിൽ പരിശീലിക്കുന്നതിനാണ് അവസരം. ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി പരന്പരാഗതരീതികളിൽ വിട്ടുവീഴ്ചയില്ലാത്ത ചികിത്സയാണ് ഇവിടെ ലഭ്യമാക്കുന്നത്.

കൂടുതൽ വിവരങ്ങൾക്കു സ്ഥാപനത്തിൽ നേരിട്ടോ 9188910417, 04872334396 എന്നീ നന്പറുകളിലോ ബന്ധപ്പെടണം.

# മുതിർന്ന പൗരന്മാരോടുള്ള ക്രൂരത: ശക്തമായ നടപടി സ്വീകരിക്കും

**തിരുവനന്തപുരം:** പ്രായമായ മാതാപിതാക്കളെ ഉപേക്ഷിച്ചു പോകുക, അവരെ ശാരീരികമായോ മാനസികമായോ ഉപദ്രവിക്കുക തുടങ്ങിയ പ്രവർത്തികൾ ചെയ്യുന്നവരോട് ഒരു ദാക്ഷിണ്യവും കാട്ടേണ്ടതില്ല എന്നതാണ് സർക്കാരിന്റെ നിലപാടെന്നും മുതിർന്ന പൗരന്മാരോടുള്ള ക്രൂരതയുമായി ബന്ധപ്പെട്ട കേസുകളിൽ ശക്തമായ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരം നഗരസഭ മുതിർന്ന പൗരന്മാർക്കായി സംഘടിപ്പിച്ച മധുരം ജീവിതം സീനേജർ ഫെസ്റ്റിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വയോജനങ്ങളുടെ പരിചരണത്തിനും ക്ഷേമത്തിനും ശ്രദ്ധ നൽകേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ഈ കാര്യത്തിൽ പ്രതിജ്ഞാബദ്ധമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. പ്രായമാകുന്നവർ തനിച്ചായിപോകുന്നില്ല എന്നുറപ്പുവരുത്താനും ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാനുമുള്ള ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തുന്നുണ്ട്.

മുതിർന്ന പൗരരുടെ വിവിധ തരം പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനായി ഒട്ടേറെ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ വൃദ്ധ സദനങ്ങളിലെ താമസക്കാർ അനുഭവിക്കുന്ന മാനസിക സമ്മർദം മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എന്നിവർക്ക് സൗജന്യ ആയുർവേദ ചികിത്സയും സാന്ത്വന പരിചരണവും നൽകുന്ന വയോ അമൃതം പദ്ധതി അതിൽ ഒന്നാണ്.

അതുപോലെ മുതിർന്ന പൗരരുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി പോലീസ് ഡിപ്പാർട്ട്മെന്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പ്രശാന്തി ഹെല്പ് ലൈൻ. ഇതിനായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ട്. മെഡിക്കൽ ആവശ്യങ്ങൾക്കും മറ്റ് സഹായങ്ങൾക്കും ഈ ഹെൽപ്പ്ലൈൻ മുഖേന ബന്ധപ്പെടാനാകും. സംസ്ഥാനത്തെ വൃദ്ധസദനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സെക്കന്റ് ഇന്നിങ്സ് ഹോം എന്ന പേരിൽ ഒരു പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. ഇത് സംസ്ഥാനത്ത് ആകെ വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ നവീകരിക്കുന്നതിനായി സ്വയംപ്രഭാ ഹോം പദ്ധതി ആരംഭിച്ചു.

മുതിർന്ന പൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായം നൽകുന്ന പദ്ധതിയാണ് വയോരക്ഷ. ഉപേക്ഷിക്കപെട്ട നിലയിൽ കണ്ടെത്തുന്നവർക്കും സംരക്ഷിക്കാൻ ബന്ധുക്കളില്ലാത്ത നിർധനരായ വയോജനങ്ങക്കും പ്രാഥമിക ശുശ്രൂഷ, ശസ്ത്രക്രിയ, ആംബുലൻസ് സേവനം, പുനരധിവാസം തുടങ്ങിയവയ്ക്കായി പണം ചിലവഴിക്കുന്നതിനു ജില്ലാ സാമൂഹ്യനീതി ഓഫിസർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. മറവി രോഗം ബാധിച്ചവരെ സംരക്ഷിക്കുന്നതിനായുള്ള പദ്ധതിയാണ് ഓർമ്മത്തോണി.

മുതിർന്ന പൗരന്മാർക്കുള്ള സേവനങ്ങൾ പരമാവധി ഐടി അധിഷ്ഠിതമാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആധുനിക സാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മികച്ച സേവനം മുതിർന്ന പൗരന്മാർക്ക് എത്തിക്കുക എന്നത് പ്രധാനമാണ്. വാതിൽപ്പടി സേവനങ്ങൾ പ്രധാനമായും മുതിർന്ന പൗരന്മാരെ ഉദ്ദേശിച്ചാണ് ഏർപ്പെടുത്തിയിരിക്കുന്നത്. സർക്കാർ ഓഫിസുകളിൽ ചെല്ലേണ്ടതില്ലാത്ത വിധം വീട്ടുപടിക്കൽ തന്നെ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുകയാണ്.

മുതിർന്ന പൗരരുടെ ക്ഷേമത്തിനായി മാർഗ്ഗനിർദേശങ്ങളും സഹായങ്ങളും നൽകുന്നതിനും അവരുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപകാരപ്രദമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും മുതിർന്ന പൗരരുടെ സംരക്ഷണത്തിനുള്ള നിയമങ്ങളും ഉത്തരവുകളും കാര്യക്ഷമമായി നടപ്പില്ലാക്കുന്നത് സംബന്ധിച്ച പരിശോധനകൾ നടത്തുന്നതിനുമായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കും. ഇതിനായുള്ള വയോജന കമ്മീഷൻ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

# കോടതി ഫീസ് പരിഷ്കരണ സമിതി റിപ്പോർട്ട് സമർപ്പിച്ചു

**തിരുവനന്തപുരം:** സർക്കാർ നിയോഗിച്ച കോടതി ഫീസ് പരിഷ്കരണ സമിതി നിയമ വകുപ്പ് മന്ത്രി പി രാജീവിന് റിപ്പോർട്ട് സമർപ്പിച്ചു. കേരളത്തിലെ കോടതി ഫീസും വ്യവഹാരസലയും നിയമത്തിൽ വരുത്തേണ്ട ഭേദഗതിയെ സംബന്ധിച്ചും കോടതി ഫീസും മറ്റും പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിനാണ് കമ്മീഷനെ നിയോഗിച്ചിരുന്നത്. സമിതി ചെയർമാൻ റിട്ട. ജസ്റ്റിസ്. വി. കെ മോഹനനാണ് മന്ത്രിക്ക് റിപ്പോർട്ട് കൈമാറിയത്. സമിതി കൺവീനറായ ലോ സെക്രട്ടറി കെ ജി സനൽകുമാറും ഒപ്പം ഉണ്ടായിരുന്നു. ഫിനാൻസ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.എ.ജയതിലക്, ഡോ. എൻ.കെ ജയകുമാർ, അഡ്വ. സി.പി പ്രമോദ് എന്നിവരാണ് സമിതിയിലെ മറ്റ് അംഗങ്ങൾ.

2003 വരെ കേരള കോടതി ഫീസും വ്യവഹാരസലയും നിയമത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള നിശ്ചിത കോടതി ഫീസ് വർദ്ധിപ്പിക്കാനും നിയമത്തിന്റെ പരിധിയിൽ വരാത്തതും പുതുതായിവന്ന നിയമങ്ങളിലെ വ്യവഹാരങ്ങൾക്കുമായി കോടതി ഫീസ് ചുമത്താനും സർക്കാരിനോട് ശിപാർശ ചെയ്തതായി തൈക്കാട് ഗസ്റ്റ് ഹൗസിൽ നടന്ന വാർത്താസമ്മേളനത്തിൽ റിട്ട. ജസ്റ്റിസ്. വി. കെ മോഹനൻ അറിയിച്ചു.

സുപ്രീം കോടതിയുടേയും മറ്റും വിധിന്യായങ്ങളും ലോ കമ്മീഷന്റെ 189ാമത് റിപ്പോർട്ടിലെ ശിപാർശകളുടേയും അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയത്. വ്യവസായ വാണിജ്യ വിഷയങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾക്കനുസൃതമായി കോടതി ഫീസ് ഈടാക്കാമെന്ന് സുപ്രീം കോടതിയും ഇന്ത്യൻ രൂപയുടെ മൂല്യത്തിൽ വന്നിട്ടുള്ള കുറവ് കണക്കിലെടുത്ത് അത് പരിഹരിക്കുവാൻ ആനുപാതികമായി നിശ്ചിത കോടതി ഫീസുകളിൽ വർദ്ധനവ് ആകാമെന്ന് ലോ കമ്മീഷനും വ്യക്തമാക്കിയിട്ടുണ്ട്.

റിസർവ് ബാങ്കിന്റെ തിരുവനന്തപുരം ഓഫീസിൽ നിന്നും ലഭിച്ച വിവരങ്ങൾ സൂചിപ്പിക്കുന്നത് 2003ൽ 100 രൂപയ്ക്ക് ലഭിച്ചിരുന്ന സാധനങ്ങൾ 2023ൽ വാങ്ങുന്നതിന് 365.78 രൂപയാണ് കൊടുക്കേണ്ടിവരിക എന്നാണ്. ഇരുപത് വർഷത്തെ നാണയപ്പെരുപ്പം 6.7 ശതമാനം ആണ്.

ഇതുവരെ കോടതി ഫീസ് ചുമത്താതിരുന്ന ചില മേഖലകളിൽ, പ്രത്യേകിച്ച് ഭൂമിയേറ്റെടുക്കൽ കേസുകളുമായി ബന്ധപ്പെട്ട്, ലാന്റ് അക്വസിഷൻ ഓഫീസർ അനുവദിക്കുന്ന തുകകൾ അധികമായി അനുവദിക്കുന്ന നഷ്ടപരിഹാര തുകയിലും പെട്രോളിയം നിയമം, ഇന്ത്യൻ ടെലഗ്രാഫ് നിയമം, ഇന്ത്യൻ ഇലക്ട്രിസിറ്റി നിയമം എന്നിവയുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന അധികമായി വരുന്ന നഷ്ടപരിഹാര തുകയിന്മേലും നിശ്ചിത കോടതി ഫീസ് ഈടാക്കാൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ആർബിട്രേഷൻ കേസുകളുമായി ബന്ധപ്പെട്ട് വരുന്ന പലതരം ഹർജികളിൽ തുകയുടെ അടിസ്ഥാനത്തിൽ നിശ്ചിത നിരക്കിൽ കോടതി ഫീസ് ഈടാക്കണം. കൂടാതെ മുൻകൂർ ജാമ്യ അപേക്ഷകളിന്മേലും കോടതി ഫീസ് ഈടാക്കുവുന്നതാണ്.

ഇരുപത് വർഷത്തിന് മുമ്പ് നടത്തിയിട്ടുള്ള സമഗ്ര കോടതി ഫീസ് പരിഷ്കരണത്തിന് ശേഷം നീതി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് മേൽ കനത്ത സാമ്പത്തിക ഭാരമാണുള്ളത്. 2023ൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രകാരം നീതിന്യായ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വരുമാനം 125.65 കോടിയാണ്. അതേസമയം അതിന്റെ പത്തിരട്ടിയോളം തുകയാണ്, 1248.75 കോടി രൂപ, സർക്കാരിന് നീതി നിർവ്വഹണത്തിനായി മാറ്റി വയ്ക്കേണ്ടിവന്നിട്ടുള്ളത്.

ജസ്റ്റിസ് കെ.ജെ.ഷെട്ടി ചെയർമാനായുള്ള അദ്യത്തെ ജുഡീഷ്യൽ പേ കമ്മീഷന്റെ 1999 നവംബർ 11 ലെ റിപ്പോർട്ടിൽ നീതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളുടെ ചിലവിന്റെ പകുതി കേന്ദ്രം വഹിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. നീതി നടത്തിപ്പ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്തമായതിനാലാണ്. ആധികാരിക രേഖകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സഹായം ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ സംസ്ഥാനങ്ങൾക്ക് നീതി ന്യായ നടത്തിപ്പിന് ആവശ്യമായ വരുമാനത്തിന് തനതായ മാർഗങ്ങൾ സ്വീകരിക്കേണ്ടി വരും.കഴിഞ്ഞ ഇരുപത് വർഷത്തിന് ശേഷം കോടതി ഫീസിനത്തിൽ മേൽ സൂചിപ്പിച്ച ആധികാരിക രേഖകളുടെ അടിസ്ഥാനത്തിലും പ്രത്യേകിച്ച് 189ാമത് ലോ കമ്മീഷൻ ശിപാർശയുടേയും സുപ്രീം കോടതി വിധികളുടേയും അടിസ്ഥാനത്തിൽ ചെറിയ തോതിലെങ്കിലും കോടതി ഫീസ് വർദ്ധിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്തു.

കോർട്ട് ഫീയുമായി ബന്ധപ്പെട്ട 125 സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കത്ത് അയക്കുകയും അവരിൽ നിന്നും അഭിപ്രായം സ്വരൂപിച്ചും സംസ്ഥാനത്താകെ ഹിയറിംഗ് സംഘടിപ്പിച്ചും ക്രോഡീകരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്ന് അദ്ദേഹം പറഞ്ഞു.

# ശബരിമല: 3.35 ലക്ഷം തീർത്ഥാടകർക്ക് ആരോഗ്യ സേവനം നൽകി

**തിരുവനന്തുപുരം:** ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് സജ്ജമാക്കിയ ആരോഗ്യ കേന്ദ്രങ്ങൾ വഴി 3,34,555 തീർത്ഥാടകർക്ക് ആരോഗ്യ സേവനം നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പമ്പ, നീലിമല, അപ്പാച്ചിമേട്, ചരൽമേട്, സന്നിധാനം, നിലയ്ക്കൽ, റാന്നി പെരിനാട്, കോന്നി മെഡിക്കൽ കോളേജ് പ്രത്യേക വാർഡ്, പന്തളം, ചെങ്ങന്നൂർ, എരുമേലി എന്നീ ആശുപത്രികളിലൂടെ 2,52,728 തീർത്ഥാടകർക്കും പമ്പ മുതൽ സന്നിധാനം വരെയും കാനനപാതയിലും സജ്ജമാക്കിയ എമർജൻസി മെഡിക്കൽ സെന്ററുകളിലൂടെ 81,827 തീർത്ഥാടകർക്കും ആരോഗ്യ സേവനം നൽകി. സിപിആർ ഉൾപ്പെടെയുള്ള അടിയന്തര സേവനം നൽകി മരണനിരക്ക് പരമാവധി കുറയ്ക്കാനായി. മികച്ച ആരോഗ്യ സേവനം നൽകിയ മുഴുവൻ ആരോഗ്യ പ്രവർത്തകരേയും മന്ത്രി അഭിനന്ദിച്ചു.

ശബരിമല യാത്രയ്ക്കിടെ ഹൃദയാഘാതം വന്ന 122 പേരുടെ ജീവൻ രക്ഷിച്ചു. 71 പേർക്ക് ഹൃദയാഘാതത്തിനുള്ള ത്രോമ്പോലൈസിസ് അടിയന്തര ചികിത്സ നൽകി. 110 പേർക്ക് അപസ്മാരത്തിന് ചികിത്സ നൽകി. റോഡപകടങ്ങളിൽ പരിക്കേറ്റവർ 230, ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങളുള്ളവർ 37141, ഉദരസംബന്ധമായ പ്രശ്നങ്ങൾ ബാധിച്ചവർ 25050, വയറിളക്ക രോഗബാധിതർ 2436, പനി 20320, പാമ്പുകടിയേറ്റവർ 4 എന്നിവർക്കാണ് ചികിത്സ നൽകിയത്. ഗുരുതര ആരോഗ്യ പ്രശ്നങ്ങളുള്ള 456 പേരെ പമ്പയിൽ നിന്നും മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്തു.

ഇത്തവണ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ ആരോഗ്യ സേവനങ്ങളാണ് ഒരുക്കിയത്. ആരോഗ്യ വകുപ്പിൽ നിന്നുള്ള ടീമിനെ കൂടാതെ ആരോഗ്യവകുപ്പിൽ നിന്നും വിരമിച്ച ഡോക്ടർമാർ, ഫാർമസിസ്റ്റുമാർ, സ്റ്റാഫ് നഴ്സുമാർ എന്നിവരുടെ സേവനം കൂടി വിനിയോഗിച്ചു. പമ്പയിലെ കൺട്രോൾ സെന്റർ 24 മണിക്കൂറും പ്രവർത്തിച്ചു. ആരോഗ്യ പ്രവർത്തകരുടെയും വിവിധ ഭാഷകൾ കൈകാര്യം ചെയ്യുന്നവരുടെയും സേവനം ഇവിടെ ഉറപ്പാക്കി. ശബരിമലയുമായി ബന്ധപ്പെട്ട് ആശുപത്രികളിൽ പ്രത്യേകം സംവിധാനങ്ങൾ ഒരുക്കി. കോന്നി മെഡിക്കൽ കോളേജ് ബേസ് ആശുപത്രിയായി പ്രവർത്തിച്ചു. കോട്ടയം മെഡിക്കൽ കോളേജിലും തീർത്ഥാടകർക്കായി പ്രത്യേകം കിടക്കകൾ ക്രമീകരിച്ചിരുന്നു. പത്തനംതിട്ട ജില്ലയിലെ എല്ലാ പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിലും കിടക്കകൾ ക്രമീകരിക്കുകയും മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്തു.

# എഴുത്തച്ഛൻ പുരസ്കാരം മുഖ്യമന്ത്രി എൻ.എസ്. മാധവന് സമ്മാനിച്ചു

**തിരുവനന്തുപുരം:** ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ, ഹിഗ്വിറ്റ തുടങ്ങിയ കൃതികളിലൂടെ സർഗാത്മകതകൊണ്ട് ഭാവുകത്വ പരിണാമം തീർത്ത എഴുത്തുകാരനാണ് എൻ.എസ് മാധവനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ നടന്ന ചടങ്ങിൽ എഴുത്തച്ഛൻ പുരസ്കാരം എൻ.എസ് മാധവന് സമ്മാനിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ക്രിയാത്മകമായി പ്രതികരിക്കാൻ ശേഷിയുള്ള സാഹിത്യകാരനെന്ന നിലയിലും അദ്ദേഹത്തിന്റെ കൃതികൾ വിലയിരുത്തപ്പെടുന്നു. വൻമരങ്ങൾ വീഴുമ്പോൾ എന്ന കഥ ഇതിന്റെ മികച്ച ഉദാഹരണമാണ്. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ വധവും, രാജീവ് ഗാന്ധിയുടെ പരാമർശവുമാണ് ഇതിന് ഇതിവൃത്തമായത്. തിരുത്ത്, നിലവിളി എന്നിവയും ഇത്തരത്തിൽ രാഷ്ട്രീയം മന്നോട്ട് വെക്കുന്നു. ഔദ്യോഗിക ജീവിതത്തിലും സാഹിത്യത്തിന്റെകൈത്തിരി എൻ.എസ്. മാധവൻ കെടാതെ സൂക്ഷിച്ചു.

നവീന കഥയുടെ ഉണർവും ഊർജവും അദ്ദേഹത്തിന്റെ എഴുത്തുകളിൽ പ്രകടമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

കാവ്യമേഖലയിലൂടെ മലയാളഭാഷയെ നവീകരിച്ച ഭാഷാ പിതാവ് എഴുത്തച്ഛന്റെ സ്മരണയിലാണ് ഈ പുരസ്കാരം നൽകുന്നത്. നാടുവാഴിത്തത്തിന്റെയും വരേണ്യതയുടെയും ലോകത്ത് സംസ്കൃതം മാത്രം ശ്രേഷ്ഠമെന്ന് കരുതിയ കാലഘട്ടത്തിൽ സാധാരണ മനുഷ്യരിലേക്ക് ഭക്തിയിലൂടെ മലയാളത്തെ എത്തിച്ച കവിയായിരുന്നു അദ്ദേഹം.

ജാതിയുടെ ഭോഗാലസ്യത്തിൽ ഇരുട്ടിലമർന്ന സമൂഹത്തിലെ ഓരോ വീടുകളിലേക്കും രാമായണത്തിലൂടെ എഴുത്തച്ഛൻ കടന്നുചെന്നു.

മലയാള ഭാഷ സംസാരിച്ചാൽ ശിക്ഷനൽകുന്ന സ്കൂളുകളിൽ അത് നിർത്തലാക്കിയും മാലയാള ഭാഷാ പഠനം പ്രോത്സാഹിപ്പിച്ചതും ഔദ്യോഗിക ഭാഷ മലയാളമാക്കിയതും സംസ്ഥാന സർക്കാർ മലയാളത്തിന് നൽകുന്ന പ്രാധാന്യം വ്യക്തമാക്കുന്നു. മലയാള ഭാഷാ ബിൽ നിയമസഭ പാസാക്കിയതും ഈ നിലപാടുകളുടെ ഭാഗമായാണ്. ചിന്തിക്കാനും സ്വപ്നം കാണാനുമുള്ള നമ്മുടെ ഭാഷയെന്ന നിലയിൽ മലയാളത്തിന്റെ ഔന്നത്യം നിലനിർത്തണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ പ്രശസ്തി പത്രം വായിച്ചു. ആന്റണി രാജു എം എൽ എ ആശംസകളർപ്പിച്ചു. സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ സ്വാഗതവും കേരള സാഹിത്യ അക്കാദമി സെക്രട്ടറി സി പി അബൂബക്കർ നന്ദിയും അറിയിച്ചു.



# തിരുവാണിയൂർ ഗ്രാമപഞ്ചായത്തും പുതിയകാവ് ഗവ. ആയുർവേദ കോളേജുമായി ധാരണപത്രം ഒപ്പുവച്ചു

**കോലഞ്ചേരി:** തിരുവാണിയൂർ ഗ്രാമപഞ്ചായത്തിനെ വയോജന സൗഹൃദ പഞ്ചായത്ത് ആക്കി മാറ്റുന്നതിന്റെ ഭാഗമായി പുതിയകാവ് ഗവൺമെന്റ് ആയുർവേദ കോളേജുമായി ധാരണപത്രം ഒപ്പുവച്ചു.ആയുർവേദ ആശുപത്രിയിൽ വച്ച് നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി ആർ പ്രകാശൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സിന്ധു കൃഷ്ണകുമാർ, പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയും വയോജന സൗഹൃദ പഞ്ചായത്ത് പദ്ധതിയുടെ നോഡൽ ഓഫീസറുമായ അനിൽകുമാർ എം, പദ്ധതിയുടെ കോഡിനേറ്റർ ആയ ടി പി ഹരീന്ദ്രനാഥ്, പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻ പി ആർ രാഘവൻ എന്നിവരും ഗവൺമെന്റ് ആയുർവേദ കോളേജ് പ്രിൻസിപ്പൽ സിന്ധു സി, ഹോസ്പിറ്റൽ സൂപ്രണ്ടായ അബ്ദുൽ ഷുക്കൂർ എന്നിവർ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡന്റ് സി.ആർ പ്രകാശനും ആയുർവേദ കോളേജ് പ്രിൻസിപ്പൽ ഡോക്ടർ സിന്ധുവും ഒപ്പുവച്ചു. ഈ ധാരണപത്രം അനുസരിച്ച് തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ 32 വയോ ക്ലബ്ബുകളിലും വയോജനങ്ങൾക്ക് ഒരു വർഷത്തേക്ക് സൗജന്യ മെഡിക്കൽ ക്യാമ്പും ആശുപത്രിയിൽ തുടർ ചികിത്സയും ലഭിക്കും. ഇതിന്റെ ഭാഗമായി തിരുവാണിയൂ ഗ്രാമപഞ്ചായത്തിലെ 4800 ഓളം വരുന്ന വയോജനങ്ങൾക്ക് സൗജന്യ ആരോഗ്യ പരിശോധനയും, ഔഷധ വിതരണവും, കിടത്തി ചികിത്സയും ഉൾപ്പടെയുള്ള സേവനങ്ങൾ പഞ്ചായത്തിലെ വയോജനങ്ങൾക്ക് ലഭ്യമാക്കും.കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ഒരു ഹോസ്പിറ്റൽ ഇത്തരത്തിൽ ഒരു ധാരണ പത്രത്തിൽ ഒപ്പിടുന്നത് എന്നും ഡോക്ടർ സിന്ധു അറിയിച്ചു.

# 50 കോൺസ്റ്റബിൾ ഡ്രൈവർമാരുടെ സംയുക്ത പരേഡ്: സംസ്ഥാന പോലീസ് മേധാവി അഭിവാദ്യം സ്വീകരിച്ചു

**തൃശ്ശൂർ:** ഇന്ത്യാ റിസർവ് ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ 150 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ സംയുക്ത പാസിംഗ് ഔട്ട് പരേഡിൽ സംസ്ഥാന പൊലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേശ് സാഹിബ് അഭിവാദ്യം സ്വീകരിച്ചു. മാറുന്ന കാലത്തിനനുസൃതമായ ആധുനിക സാങ്കേതിക വിദ്യകൾ പരിശീലിക്കാനും ഉൾകൊള്ളാനും പുതിയ സേനാംഗങ്ങൾ പര്യാപ്തരാകണം എന്ന് സേനാംഗങ്ങളെ അഭിസംബോധന ചെയ്ത് അദ്ദേഹം പറഞ്ഞു.

തൃശ്ശൂർ ഐ.ആർ.ബി പരേഡ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ മലപ്പുറം എം.എസ്.പി ബറ്റാലിയനിൽ നിന്ന് 21 പേരും എസ്.എ.പി ബറ്റാലിയനിൽ നിന്ന് 43 പേരും കെ.എ.പി ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് ബറ്റാലിയനുകളിൽ നിന്ന് യഥാക്രമം 14, 12, 32, 15, 13 സേനാംഗങ്ങളുമാണ് സംയുക്ത പരേഡിൽ അണിനിരന്നത്. ആറുമാസത്തെ അടിസ്ഥാനപരിശീലനം പൂർത്തിയാക്കിയാണ് ഇവർ കേരള പോലീസിന്റെ ഭാഗമാകുന്നത്.

സ്ത്രീപുരുഷ വേർതിരിവ് ഒഴിവാക്കിക്കൊണ്ടുള്ള പ്രതിജ്ഞാവാചകം ഏറ്റുചൊല്ലിയാണ് പുതിയ റിക്രൂട്ടുകൾ സേനാംഗങ്ങളായത്. വിഷ്ണു മഹേന്ദ്ര പരേഡ് കമാൻഡറും എസ്. നബീൽ ഷാ പരേഡിന്റെ സെക്കൻഡ് ഇൻ കമാൻഡറുമായിരുന്നു.

സർക്കാർ വിഭാവനം ചെയ്യുന്ന തരത്തിലുള്ള നവകേരളസൃഷ്ടിക്കായി പോലീസിന്റെ തൊഴിൽ വൈദഗ്ദ്ധ്യം വർധിപ്പിക്കുന്നതിനും പൊതുജനങ്ങളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തുന്നതിനും പോലീസിന്റെ ആപ്തവാക്യമായ 'മൃദു ഭാവേ ദൃഢ കൃത്യേ' അന്വർത്ഥമാക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പരിശീലനമാണ് ഇവർക്ക് നൽകിയിട്ടുള്ളത്.

ഫിസിക്കൽ ഫിറ്റ്നസ് ട്രെയിനിങ്, വെപ്പൺ ഹാൻഡിലിംഗ്, ആംസ് ഡ്രിൽ, നീന്തൽ, ഫയറിങ് പ്രാക്ടീസ്, അൺ ആംഡ് കോംബാറ്റ്, യോഗ, ട്രാഫിക് ഡ്രിൽ, ലാത്തി ആൻഡ് ഷീൽഡ് ഡ്രിൽ എന്നീ വിഷയങ്ങളിൽ ഔട്ട്ഡോർ പരിശീലനവും അടിസ്ഥാന ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, അച്ചടക്കം, സ്ട്രെസ് മാനേജ്മെന്റ്, മുതിർന്ന ഓഫീസർമാരോടുള്ള പെരുമാറ്റം, മോട്ടോർ ട്രാൻസ്പോർട് വിഭാഗത്തിലെ വിവിധ വിഭാഗം ജീവനക്കാരുടെ ജോലിയും ഉത്തരവാദിത്തങ്ങളും, മോട്ടോർ വെഹിക്കിൾസ് ആക്ട്, ട്രാഫിക് അവയെർനസ് ക്ലാസുകൾ, കെ.എസ്.ആർ, വിവിധ നിയമസംഹിതകൾ, എം.എ.സി.ടി നടപടിക്രമങ്ങൾ, വകുപ്പിൽ ഉപയോഗിക്കുന്ന ആധുനിക വാഹനങ്ങൾ എന്നീ വിഷയങ്ങളിൽ ഇൻഡോർ പരിശീലനവും നൽകി.

ഇവയ്ക്കുപുറമെ വിവിധ തരത്തിലുള്ള ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ ഓടിക്കുന്നതിനും ഡിപ്പാർട്ട്മെന്റിലെ വിവിധ തരത്തിലുള്ള സ്പെഷ്യലൈസ്ഡ് വാഹനങ്ങളായ ക്രൈയ്ൻ, റിക്കവറി വെഹിക്കിൾ, ബാഗേജ് സ്കാനർ, വരുൺ, വജ്ര എന്നിവ ഉപയോഗിക്കുന്നതിനെ സംബന്ധിച്ചും വി.വി.ഐ.പി മോട്ടോർ കേഡ് വെഹിക്കിൾ മൂവ്മെന്റ് എന്നീ വിഷയങ്ങളിലും പ്രായോഗിക പരിശീലനവും നൽകി.

പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവച്ചവരെ ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി പുരസ്കാരം നൽകി ആദരിച്ചു.

ബെസ്റ്റ് ഇൻഡോർ ജി. നവനീത് (കെ.എ.പി 2), ബെസ്റ്റ് ഔട്ഡോർ വിഷ്ണു മഹേന്ദ്ര (കെ.എ.പി 3), ബെസ്റ്റ് ഷൂട്ടർ ടി. പ്രജീഷ് (എം.എസ്.പി), ബെസ്റ്റ് ഓൾ റൗണ്ടർ വിഷ്ണു മഹേന്ദ്ര (കെ.എ.പി 3)

വിദ്യാഭ്യാസ സമ്പന്നരായ ഒരു കൂട്ടം യുവാക്കളെയാണ് ഈ പരിശീലനത്തിന് ശേഷം പൊതുജന സേവനത്തിനായി സേനയ്ക്ക് ലഭിക്കുന്നത്. പരിശീലനം നേടിയവരിൽ എം.ടെക് യോഗ്യതയുള്ള രണ്ടു പേരും പോസ്റ്റ് ഗ്രാജ്യേഷൻ യോഗ്യതയുള്ള ഏഴു പേരും ബി ടെക് യോഗ്യതയുള്ള 15 പേരും ബിഎഡ്ഡുള്ള രണ്ടു പേരും 53 ബിരുദധാരികളും 16 ഡിപ്ലോമക്കാരും 15 ഐ ടി ഐ ക്കാരും ഉൾപ്പെടും.ചടങ്ങിൽ ആംഡ് പൊലീസ് ബറ്റാലിയൻ എ ഡി ജി പി എം.ആർ അജിത്കുമാർ, കേരള പോലീസ് അക്കാദമി ഡയറക്ടർ ഐ.ജി.പി കെ. സേതുരാമൻ, ആംഡ് പൊലീസ് ബറ്റാലിയൻ ഡി ഐ ജി ആർ. ആനന്ദ്, തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ആർ. ഇളങ്കോ, ഇന്ത്യാ റിസർവ് ബറ്റാലിയൻ കമാൻഡന്റ് എം. ഹേമലത, തൃശ്ശൂർ റൂറൽ എസ്.പി ബി. കൃഷ്ണകുമാർ, എം.ടി.എസ്.പി കേരള പോലീസ് അക്കാദമി എസ്. നജീബ്, കൗൺസിലർ രാജശ്രീ ഗോപൻ എന്നിവർ പങ്കെടുത്തു. ജനപ്രതിനിധികൾ, ജില്ലയിലെ ഉന്നത പൊലീസുദ്യോഗസ്ഥർ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

# മഴക്കെടുതി: 10,162 കുടുംബങ്ങൾക്ക് ധനസഹായം നൽകി

**തൃശ്ശൂർ:** ജൂലൈ 29, 30, 31 തിയതികളിലുണ്ടായ കനത്ത മഴയെത്തുടർന്ന് രണ്ട് ദിവസത്തിൽ കൂടുതൽ വെള്ളം കയറി വീടും വീട്ടുപകരണങ്ങളും നഷ്ടപ്പെട്ട 10,162 കുടുംബങ്ങൾക്ക് 5000 രൂപ വീതം അഞ്ചുകോടി എട്ടു ലക്ഷത്തി പതിനായിരം രൂപ ധനസഹായം വിതരണം ചെയ്തതായി ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ അറിയിച്ചു. ജൂലൈ മാസത്തിലെ പെരുമഴയിൽ 12,057 കുടുംബങ്ങൾക്കാണ് വീടും വീട്ടുപകരണങ്ങളും നഷ്ടമായത്. ഈ കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് 30.12.24 ലെ ജി.ഒ (സാധാ) നം. 972/2024/ഡി എംഡി നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് തഹസിൽദാർമാർക്ക് കൈമാറിയിരുന്നു.

ധനസഹായ വിതരണം ത്വരിതഗതിയിലാക്കണമെന്ന് ജില്ലാ കളക്ടർ തഹസിൽദാർമാർക്ക് നൽകിയ നിർദ്ദേശത്തെത്തുടർന്നാണ് 5000 രൂപ വീതം തൃശൂർ 5486, തലപ്പിള്ളി 946, കുന്നംകുളം 741, ചാവക്കാട് 940, മുകുന്ദപുരം 3177, കൊടുങ്ങല്ലൂർ 145, ചാലക്കുടി 622 എന്നിങ്ങനെ 10,162 കുടുംബങ്ങൾക്കായി ആകെ 5,08,10,000 (അഞ്ചുകോടി എട്ടു ലക്ഷത്തി പതിനായിരം ) രൂപ വിതരണം ചെയ്തത്. 10,162 കുടുംബങ്ങൾക്കുള്ള ധനസഹായം ബാങ്ക് എക്കൗണ്ടിലേക്ക് നേരിട്ടാണ് നൽകിയത്. ബാക്കിയുള്ളവർക്കുള്ള ധനസഹായ വിതരണം ഈ ആഴ്ചകൊണ്ട് പൂർത്തീകരിക്കും.

വീടുകളുടെ നാശനഷ്ടം സംഭവിച്ചവർക്കുള്ള ധനസഹായ വിതരണം ഈ ആഴ്ച ആരംഭിച്ച് ജനുവരി 31 നകം പൂർത്തീകരിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് കഴിഞ്ഞ ആഴ്ചയാണ് പുറത്തിറക്കിയത്. ജില്ലയിൽ 167 വീടുകൾ പൂർണ്ണമായി തകർന്നത് ഉൾപ്പെടെ 1859 വീടുകൾക്കാണ് നാശനഷ്ടം സംഭവിച്ചത്.

പ്രകൃതി ദുരന്തത്തിൽ വീട് 75 ശതമാനമോ അതിലധികമോ തകർന്നതും വാസയോഗ്യമല്ലാത്തതും ദുരന്ത സാധ്യതയുള്ളതായി കണ്ടെത്തിയ മേഖലകളിൽ താമസിക്കുന്നതുമായ കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്തനിവാരണ നിധിയിലെ വിഹിതവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതവും ചേർത്ത് ആകെ 4 ലക്ഷം രൂപ അനുവദിച്ച് 21.06.2018 ലെ സ.ഉ.(കൈ) നം. 7/2018 സിഎംഡി പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ദുരന്ത ബാധിതർക്ക് ഭവന നിർമാണ മേഖലയിൽ ഏറ്റവും കുറഞ്ഞ ധനസഹായം ഉറപ്പുവരുത്തുന്നതിന് ഭവന നാശത്തിന്റെ തോതനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ധനസഹായത്തിന്റെ സ്ലാബുകൾ നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2022 മുതൽ 2026 കാലഘട്ടത്തിലേക്ക് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾ 2022 ഏപ്രിൽ ഒന്ന് പ്രാബല്യത്തിൽ സർക്കാർ സ്വീകരിച്ചതു പ്രകാരം പൂർണമായും തകർന്നതോ വാസയോഗ്യമല്ലാതായതോ ആയ വീടുകൾക്ക് മലമ്പ്രദേശത്തിൽ 1,30,000 രൂപയും സമതലങ്ങളിൽ 1,20,000 രൂപയും 15 ശതമാനത്തിലധികം നാശനഷ്ടം നേരിട്ട ഭാഗികമായി തകർന്ന വീടുകൾക്ക് 6500 രൂപയും അനുവദിച്ചിരുന്നു. എന്നാൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ധനസഹായത്തിന്റെ മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പുതുക്കി നിശ്ചയിച്ചു.

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

**ചെങ്ങന്നൂർ:** ഗവണ്മെന്റ് ഐ.ടി.ഐ.യിലെ ഇലക്ട്രോണിക്സ് ആൻഡ് ടെക്നിക്കൽ പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ് ട്രേഡിൽ ഒഴിവുള്ള ഒരു ഗസ്റ്റ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് ഈഴവ/ ബില്ലവ / തിയ്യ(മുൻഗണന) വിഭാഗത്തിൽപ്പെട്ടവരിൽനിന്ന് അപേക്ഷ ക്ഷണിച്ചു. അഭിമുഖം ജനുവരി 20ന് രാവിലെ 11 ന് ചെങ്ങന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.യിൽ. യോഗ്യത: ബന്ധപ്പെട്ട ബ്രാഞ്ചിൽ എൻജിനിയറിങ് ബിരുദവും ഒരു വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ മൂന്നുവർഷത്തെ എൻജിനിയറിങ് ഡിപ്ലോമയും രണ്ടു വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട ബ്രാഞ്ചിൽ എൻ.ടി.സി / എൻ.എ. സി.യും മൂന്നുവർഷത്തെ പ്രവൃത്തിപരിചയവും. അഭിമുഖത്തിനെത്തുന്നവർ അസൽ സർട്ടിഫിക്കറ്റുകൾക്കൊപ്പം പകർപ്പുകൾ കൂടി കൊണ്ടുവരണം. വിശദ വിവരത്തിന് ഫോൺ: 0479 2953150,0479 2452210.

## ഐ.എച്ച്.ആർ.ഡി . കോഴ്സുകൾക്ക് അപേക്ഷിക്കാം

**ചെങ്ങന്നൂർ:** മാവേലിക്കര കോളജ് ഓഫ് അപ്ലൈഡ് സയൻസിൽ ജനുവരിയിൽ ആരംഭിക്കുന്ന ഐ.എച്ച്.ആർ.ഡി . കോഴ്സുകൾക്ക് ജനുവരി 20വരെ അപേക്ഷിക്കാം. പി. ജി. ഡി. സി. എ ( രണ്ടു സെമസ്റ്റർ യോഗ്യത ഡിഗ്രി), ഡിപ്ലോമ ഇൻ ഡാറ്റ എൻട്രി ടെക്നിക്ക് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (രണ്ടു സെമസ്റ്റർ, യോഗ്യത എസ്. എസ്. എൽ. സി.), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ( ഒരു സെമസ്റ്റർ, യോഗ്യത പ്ലസ് ടൂ), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫോർമേഷൻ സയൻസ്(ഒരു സെമസ്റ്റർ, യോഗ്യത എസ്. എസ്. എൽ. സി.) കോഴ്സുകളിലാണ് പ്രവേശനം . എസ്. സി., എസ്.ടി, ഒബി.സി. വിഭാഗക്കാർക്ക് ഫീസിളവുണ്ട്. അപേക്ഷഫോമും വിശദവിവരങ്ങളും www.ihrdadmissions.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് ഫോൺ : 9562771381.

## ഫാസ്റ്റ്ട്രാക്ക് കോടതിയിൽ ഓഫീസ് അറ്റൻഡന്റ് ഒഴിവ്

**കോട്ടയം:** ചങ്ങനാശേരി ഫാസ്റ്റ്ട്രാക്ക് പ്രത്യേക കോടതിയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. നിയമ വകുപ്പിൽ സമാന തസ്തികയിലോ ഉയർന്ന തസ്തികയിലോ ജോലി ചെയ്ത് പരിചയമുള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി 62 വയസ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജില്ലാ കോടതി, കളക്ട്രേറ്റ് പി.ഒ, കോട്ടയം 686002 എന്ന വിലാസത്തിൽ ജനുവരി 27 വൈകീട്ട് 5 മണിക്കു മുമ്പു ലഭിക്കണം. കവറിനു പുറത്ത് തസ്തികയുടെ പേര് രേഖപ്പെടുത്തണം. വിശദ വിവരത്തിന് ഫോൺ: 0481 2563496, ഇ മെയിൽ: dcourtktm@gmail.com.

## ക്ഷേമനിധി ക്യാമ്പ്

**പാലക്കാട്:** മലബാർ ക്ഷേത്രജീവനക്കാരുടേയും, എക്സിക്യൂട്ടീവ് ഓഫീസർമാരുടേയും ക്ഷേമനിധിയിൽ അംഗങ്ങളായ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം, പാലക്കാട്, ആലത്തൂർ, ചിറ്റൂർ, മണ്ണാർക്കാട്, എന്നീ താലൂക്കുകളിലെ മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ നിന്നുള്ള ജീവനക്കാരുടെ ക്ഷേത്രവിഹിതം,ക്ഷേമനിധി വിഹിതം കുടിശ്ശിക അടക്കുന്നതിന് ജനുവരി 23ന് രാവിലെ 10.30 മുതൽ വടക്കന്തറ തിരുപുരായ്ക്കൽ ഭഗവതി ക്ഷേത്രത്തിൽ ക്ഷേമനിധി സെക്രട്ടറി ക്യാമ്പ് ചെയ്യും. ജീവനക്കാർ ഈ അവസരം ഉപയോഗപ്പെടുത്തണമെന്ന് മലബാർ ദേവസ്വം ബോർഡ് സെക്രട്ടറി അറിയിച്ചു.

## താത്ക്കാലിക ഒഴിവ്

**തൃശ്ശൂർ:** ജില്ലയിൽ ആരോഗ്യ വകുപ്പിൽ (മോഡേൺ മെഡിസിൻ) കാഷ്വൽറ്റി മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് സർജൻ, സിവിൽ സർജൻ എന്നീ തസ്തികകളിൽ താത്ക്കാലിക (അഡ്ഹോക്) വ്യവസ്ഥയിൽ നിയമനം നടത്തുന്നു. ഉദ്യോഗാർത്ഥികൾ ടി.സി.എം.സി റെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ബിരുദം (എം.ബി.ബി.എസ്) സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ആധാർ/ഇലക്ഷൻ ഐ.ഡി കാർഡ് എന്നീ രേഖകളുടെ അസ്സലും പകർപ്പും സഹിതം ജനുവരി 18 ന് രാവിലെ 10.30 ന് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ (ആരോഗ്യം) നടത്തുന്ന വാക്ക്ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം.

## എനർജി മാനേജ്മെന്റ് സെന്റർ മെഗാ ക്വിസ് മത്സരം

**മലപ്പുറം:** എനർജി മാനേജെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി ഏഴ്, എട്ട്, ഒമ്പത് തീയതികളിൽ ഇന്റർനാഷണൽ എനർജി ഫെസ്റ്റിവലിനോടനുബന്ധിച്ച് മെഗാക്വിസ് മത്സരം സംഘടിപ്പിക്കും. തിരുവനന്തപുരത്ത് വെച്ചാണ് മത്സരം. പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാൻ അവസരം. ക്യൂ ആർ കോഡ് സ്കാൻ ചെയ്തോ www.lefk.in എന്ന പോർട്ടലിലൂടെയോ രജിസ്റ്റർ ചെയ്യണം. ആദ്യഘട്ട മത്സരം ഓൺലൈനായി ഫെബ്രുവരി രണ്ടിന് വൈകിട്ട് 3 മണിക്ക് നടക്കും. വിജയികൾ ഫെബ്രുവരി ഒമ്പതിന് ഐ ഇ എഫ് കെ വേദിയിൽ നടക്കുന്ന ഗ്രാന്റ് ഫിനാലെയിലേക്ക് യോഗ്യത നേടും. പ്രശസ്തി പത്രം, ഫലകം എന്നിവയോടൊപ്പം ഒന്നാം സമ്മാനമായി ഒരു ലക്ഷം രൂപയും രണ്ടാം സമ്മാനമായി 50,000 രൂപയും മൂന്നാം സമ്മാനമായി 25,000 രൂപയും വിജയികൾക്ക് ലഭിക്കും. രജിസ്ട്രേഷനുള്ള അവസാന തീയതി ജനുവരി 26. ഫോൺ: 04712594922.

## അദ്ധ്യാപക നിയമനം

**കാസർകോട്:** തൃക്കരിപ്പൂർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ ഒഴിവുള്ള ലക്ച്ചറർ തസ്തിയിലേക്ക് താത്ക്കാലിക നിയമനം നടത്തുന്നതിനുള്ള കൂടിക്കാഴ്ച ജനുവരി 21 ന് രാവിലെ 10.30 ന് നടക്കും. മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ 60 ശതമാനത്തിൽ കുറയാത്ത ബിരുദമാണ് കുറഞ്ഞ യോഗ്യത. താത്പര്യമുള്ളവർ വിശദമായ ബയോഡാറ്റ, എല്ലാ യോഗ്യത / പരിചയ അസ്സൽസർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം രാവിലെ 10 മണിക്കകം കൂടിക്കാഴ്ച്ചക്കായി പോളിടെക്നിക്ക് കോളേജ് ഓഫീസിൽ ഹാജരായി പേര് രജിസ്റ്റർ ചെയ്യണം. ഫോൺ 0467 2211400, 9495262856.

## സൂക്ഷ്മ ജലസേചനം പദ്ധതി

**കണ്ണൂർ:** നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ഉയർന്ന ഉൽപാദനം ഉറപ്പു വരുത്തുക, ജലത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ആർ.കെ.വി.വൈ പി.ഡി.എം.സി സൂക്ഷ്മ ജലസേചനം 2024 , 25 പദ്ധതിയിലൂടെ കൃഷിയിടങ്ങളിൽ സൂക്ഷ്മജലസേചന സംവിധാനങ്ങൾ (ഡ്രിപ്പ് , സ്പ്രിംഗളർ) സബ്സിഡിയോടെ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. സ്വന്തമായി കൃഷിയിടമുള്ള കർഷകർക്ക് ചെലവിന്റെ 55 ശതമാനം നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് കൃഷിഭവനുകളിലും കൃഷി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലും ലഭിക്കും. അപേക്ഷയോടൊപ്പം ആധാർ, ബാങ്ക് പാസ്ബുക്ക്, ഈ വർഷം ഒടുക്കിയ ഭൂനികുതി രശീതി, ജാതി സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് സമർപ്പിക്കണം. ഫോൺ : 04972965150, 9539630981, 9383472051, 9383472050

## സംസ്ഥാനത്തെ കായിക അടിസ്ഥാനസൗകര്യ വികസനം

# 25000 കോടി രൂപയുടെ നിക്ഷേപം: മന്ത്രി

**ആലപ്പുഴ:** കായിക അടിസ്ഥാനസൗകര്യ വികസന രംഗത്ത് 25000 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തെത്തിയതായി കായിക, ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രി വി അബ്ദു റഹ്മാൻ. സംസ്ഥാനസർക്കാർ കായിക അടിസ്ഥാനസൗകര്യനവികസന രംഗത്ത് 2400 കോടി രൂപ ചെലവഴിച്ചു. 5000 കോടിയിലധികം രൂപയുടെ പ്രവർത്തനങ്ങൾ സ്വകാര്യമേഖലയിലും നടക്കുകയാണ്. കഴിഞ്ഞ എട്ടു വർഷത്തിനിടെ സംസ്ഥാനത്തെ കായിക രംഗത്ത് വലിയ മാറ്റം കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഒരു പഞ്ചായത്ത്, ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ എസ് ഡി വി സ്കൂളിൽ നിർമിക്കുന്ന സ്റ്റേഡിയത്തിന്റെ നിർമ്മാണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

എല്ലാവർക്കും സ്പോർട്സ്, എല്ലാവർക്കും ആരോഗ്യം എന്നതാണ് സർക്കാർ കാഴ്ച്ചപ്പാട്. താഴെത്തട്ടിൽ കായികപ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി ആവിഷ്കരിച്ചത്. സർക്കാർ നടപ്പാക്കുന്ന ബൃഹത്തായ കായികവികസന പ്രവർത്തനമാണിത്. സംസ്ഥാനത്തെ 465 പഞ്ചായത്തുകളിൽ കളിക്കളങ്ങൾ ഉണ്ടായിരുന്നില്ല. ഇപ്പോൾ 60 പഞ്ചായത്തുകളിൽ കളിക്കളങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞതായി മന്ത്രി പറഞ്ഞു.

കായിക അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്ന ജില്ലയാണ് ആലപ്പുഴയെന്നും മന്ത്രി പറഞ്ഞു. ജില്ലക്ക് കായികരംഗത്ത് വലിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. 58 ഓളം പ്രവർത്തികൾ ജില്ലയിൽ പൂർത്തീകരിച്ചു. എസ് ഡി വി സ്കൂൾ സ്റ്റേഡിയം നിർമ്മാണം ആറു മാസം കൊണ്ടു പൂർത്തീകരിക്കുമെന്നും ജില്ലയിലെ വിദ്യാർഥികൾക്ക് സ്റ്റേഡിയം മികച്ച രീതിയിൽ പ്രയോജനപ്പെടട്ടെയെന്നും മന്ത്രി പറഞ്ഞു.

പി പി ചിത്തരഞ്ജൻ എംഎൽഎ ആവശ്യപ്പെട്ടത് പ്രകാരം മാരാരിക്കുളം സെന്റ് അഗസ്റ്റിൻ സ്കൂളിൽ കളിക്കളം നിർമിക്കാൻ കായിക വകുപ്പ് 50 ലക്ഷം രൂപ അനുവദിക്കുന്നതായും മന്ത്രി ചടങ്ങിൽ പ്രഖ്യാപിച്ചു.

പി പി ചിത്തരഞ്ജൻ എംഎൽഎ അധ്യക്ഷത വഹിച്ചു. ആലപ്പുഴയുടെ വിദ്യാഭ്യാസരംഗത്ത് അവിസ്മരണീയ സംഭാവന നൽകിയ സ്ഥാപനമാണ് എസ് ഡി വി സ്കൂളെന്നും അതുകൊണ്ടാണ് സ്കൂളിനെ പദ്ധതിയിലേക്ക് തിരഞ്ഞെടുത്തതെന്നും അദ്ദേഹം പറഞ്ഞു. മാരാരിക്കുളം സെന്റ് അഗസ്റ്റിൻ സ്കൂളിൽ കളിക്കളം നിർമിക്കാൻ ആസ്തി വികസനഫണ്ടിൽ നിന്നുള്ള 50 ലക്ഷം അനുവദിച്ചതായി എംഎൽഎയും ചടങ്ങിൽ പ്രഖ്യാപിച്ചു.

സംസ്ഥാനകായിക വകുപ്പിന്റെ 50 ലക്ഷം രൂപയും എംഎൽഎയുടെ ആസ്തി വികസനഫണ്ടിൽ നിന്നുള്ള 50 ലക്ഷം രൂപയും ഉൾപ്പെടുത്തി ഒരു കോടി രൂപ വിനിയോഗിച്ചാണ് എസ് ഡി വി സ്കൂളിൽ സ്റ്റേഡിയം നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്. എറണാകുളത്തെ പ്രൈംടെക് എൻജിനീയറിങ്ങിനാണ് നിർമ്മാണച്ചുമതല.

ഉദ്ഘാടന ചടങ്ങിൽ നഗരസഭ ചെയർപെഴ്സൺ കെ കെ ജയമ്മ അധ്യക്ഷയായി. സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എൻജിനീയർ പി കെ അനിൽകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ കളക്ടർ അലക്സ് വർഗീസ്, നഗരസഭ വൈസ് ചെയർപെഴ്സൺ പി എസ് എം ഹുസൈൻ, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ എം ആർ പ്രേം, എംജി സതീദേവി, എ എസ് കവിത, നസീർ പുന്നയ്ക്കൽ, ആർ വിനീത, കൗൺസിലർ കെ ബാബു, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് പി ജെ ജോസഫ്, എസ് ഡി വി സ്കൂൾ മാനേജർ എസ് രാമാനന്ദൻ, എം നീലകണ്ഠൻ, സ്കൂൾ പ്രധാനാധ്യാപിക റ്റി ഒ ബിന്ദു എന്നിവർ പങ്കെടുത്തു.

## രോഗിയുമായി ആംബുലൻസിൽ മണിക്കൂറുകൾ അലഞ്ഞ സംഭവം: ഉത്തരവാദികളെ കണ്ടെത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** വടുതലയിൽ തീവണ്ടി തട്ടി തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ രോഗിയുമായി അംബുലൻസ് ഡ്രൈവർ മണിക്കൂറുകളോളം ചികിത്സ തേടി അലഞ്ഞതായുള്ള പരാതിയിൽ സംഭവത്തിന് ഉത്തരവാദികളായവരെ കണ്ടെത്താൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ വകുപ്പുതല അന്വേഷണം നടത്തി ആറാഴ്ചക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്.ഇക്കഴിഞ്ഞ ശനിയാഴ്ച വൈകിട്ട് നാലരയോടെയാണ് പച്ചാളം ചിറയിൽ വീട്ടിൽ സുബ്രഹ്മണ്യനെ (75) തീവണ്ടി തട്ടിയത്. സ്വകാര്യാശുപത്രിയിൽ പ്രാഥമിക ചികിത്സ നൽകിയ ശേഷം എറണാകുളം ജനറൽ ആശുപത്രിയിൽ രോഗിയെ എത്തിച്ചു. അവിടെ കിടക്ക ഒഴിവില്ലാത്തതിനാൽ എറണാകുളം ഗവ. മെഡിക്കൽ കോളേജിലെത്തിച്ചു. രണ്ടേകാൽ മണിക്കൂർ മെഡിക്കൽ കോളജിനു മുന്നിൽ രോഗി വെന്റിലേറ്ററിന്റെ സഹായത്താൽ ആംബുലൻസിൽ കിടന്നു. കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളജുകളുമായി ബന്ധപ്പെട്ടെങ്കിലും അവിടെയും കിടക്ക ഒഴിവില്ലെന്ന് പറഞ്ഞതോടെ ആംബുലൻസ് ഡ്രൈവർ നിസ്സഹായനായി. ഒടുവിൽ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഒരു കിടക്ക ഒഴിവുണ്ടെന്ന വിവരമറിഞ്ഞയുടൻ അങ്ങോട്ട് തിരിക്കാൻ തീരുമാനിക്കവേ രോഗിയുടെ ബന്ധു എത്തി എറണാകുളം ലിസി ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു വാർത്ത ഗൗരവതരമാണെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിൽ പറഞ്ഞു. എറണാകുളം, കോട്ടയം, തൃശൂർ മെഡിക്കൽ കോളജ് ആശുപത്രികൾ അത്യാസന്ന നിലയിലുള്ള രോഗിയെ പ്രവേശിപ്പിച്ചില്ലെന്ന വസ്തുത ഗൗരവം അർഹിക്കുന്നു.ഇതിന്റെ ഉത്തരവാദികളെ കണ്ടെത്തണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, എറണാകുളം, കോട്ടയം, തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടുമാർ എന്നിവരുടെ അടിയന്തര യോഗം ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചു ചേർക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. യോഗത്തിൽ പ്രശ്ന പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തണം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച പരിഹാര നടപടികൾ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ആരോഗ്യവകുപ്പ് ഡയറക്ടറും നാലാഴ്ചക്കുള്ളിൽ സമർപ്പിക്കണം. രോഗിയെ പ്രവേശിപ്പിക്കാൻ കഴിയാത്ത സാഹചര്യം വിശദമാക്കി ഒരു റിപ്പോർട്ട് ബന്ധപ്പെട്ട മെഡിക്കൽ കോളേജ് ആശുപത്രികളിലെ സൂപ്രണ്ടുമാർ ഒരു മാസത്തിനുള്ളിൽ സമർപ്പിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. മാർച്ചിൽ എറണാകുളം ഗവ. ഗസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും.

## പ്രയുക്തി തൊഴിൽ മേള നാളെ: 1500 ഒഴിവുകൾ

**കൊല്ലം:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും എംപ്ലോയിബിലിറ്റി സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ ആയൂർ മാർത്തോമാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിൽ നടത്തുന്ന "പ്രയുക്തി" തൊഴിൽ മേള 18ന് രാവിലെ 10 ന് മൃഗസംരക്ഷണ, മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും.20ഓളം സ്വകാര്യ സ്ഥാപനങ്ങളിലെ 1500റിലധികം ഒഴിവുകളിലേക്കാണ് തിരഞ്ഞെടുപ്പ്. ബാങ്കിംഗ്, എൻജിനിയറിംഗ്, ഫിനാൻസ്, അക്കൗണ്ട്സ്, സെയിൽസ്, മാർക്കറ്റിംഗ്, പാരാമെഡിക്കൽ, അഡ്മിനിസ്ട്രേഷൻ, എച്ച്.ആർ., ഐ.ടി, എഡ്യുക്കേഷൻ, ടെലികമ്മ്യൂണിക്കേഷൻ, ഓട്ടോമോബൈൽസ് എന്നീ വിഭാഗങ്ങളിലുള്ള തൊഴിൽ ദാതാക്കൾ മേളയിൽ പങ്കെടുക്കും.എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, എൻജിനിയറിംഗ്, ഡിപ്ലോമ, ഐ.ടി.ഐ അല്ലെങ്കിൽ അധിക യോഗ്യതയുള്ള 18 മുതൽ 45 വയസ് വരെ പ്രായമുള്ളവർക്കും അവസാന വർഷ വിദ്യാർഥികൾക്കും പരീക്ഷ ഫലം കാത്തിരിക്കുന്നവർക്കും മേളയിൽ പങ്കെടുക്കാം n-cs.gov.in മുഖേന ഓൺലൈൻ രജിസ്ട്രേഷൻ നടത്തുമ്പോൾ ലഭിക്കുന്ന എൻ.സി.എസ് ഐഡിയും ബയോഡേറ്റയുടെ അഞ്ച് കോപ്പികളുമായി മേളയിൽ പങ്കെടുക്കാം. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ പറ്റാത്തവർക്കായി സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ലഭിക്കും.

## മൂന്നാമത്തെ റോറോ: നിർമ്മാണം ഒരു വർഷത്തിനുള്ളിലെന്ന് മേയർ

**കൊച്ചി:** കൊച്ചിയുടെ യാത്രാ ക്ലേശത്തിന് പരിഹാരമാകുന്ന മൂന്നാമത്തെ റോറോയുടെ നിർമ്മാണം ഒരു വർഷത്തിനുള്ളിൽ തന്നെ പൂർത്തിയാകുമെന്ന് കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ പറഞ്ഞു. നഗരസഭയ്ക്ക് വേണ്ടി നിർമ്മിക്കുന്ന മൂന്നാമത്തെ റോ റോയുടെ കരാർ , 2024 നവംബർ മാസം 13 ന് കൊച്ചി കപ്പൽശാലയുമായി ഒപ്പു വെച്ചിരുന്നു . ഡയറക്ടർ ബോർഡ് അംഗങ്ങൾ ഉൾപ്പെടെ ഉദ്യോഗസ്ഥൻമാരുടെ പൂർണ്ണ പങ്കാളിത്തത്തിലാണ് കരാർ ഒപ്പ് വെച്ചത്.

14.9 കോടി രൂപയാണ് ജി.എസ്.ടി ഉൾപ്പെടെ, റോറോ നിർമ്മാണത്തിനായി നഗരസഭ നൽകേണ്ടത്. കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡാണ് ഇതിനുള്ള സാമ്പത്തിക സഹായം നൽകുന്നത്. ഇന്ന് റോ റോ നിർമ്മാണത്തിന് വേണ്ടി വരുന്ന മുഴുവൻ തുകയും നഗരസഭയിൽ നിന്നും ഷിപ്പ് യാർഡിന്റെ അക്കൗണ്ടിലേക്ക് കൈമാറി.18 മാസമാണ് നിർമ്മാണ കാലാവധി യെങ്കിലും, ആറുമാസം മുൻപ് ഈ പ്രവർത്തനം പൂർത്തീകരിക്കണമെന്ന നഗരസഭ മേയറുടെ അഭ്യർത്ഥന , കപ്പൽശാല ചെയർമാൻ അംഗീകരിക്കുകയും, 12 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തികരിക്കണമെന്ന നിർദ്ദേശം അദ്ദേഹം നിർമ്മാണ ടീമിന് നൽകുകയും ചെയ്തിരുന്നു .മൂന്നാമത്തെ റോറോ വരുന്നതോടെ, ഏതെങ്കിലും ഘട്ടത്തിൽ സാങ്കേതിക തകരാറുണ്ടായാൽ രണ്ട് റോറോയ്ക്ക് യാതൊരു മുടക്കവും ഇല്ലാതെ സർവ്വീസ് നടത്തുവാൻ കഴിയും. ഫോർട്ട് കൊച്ചി , മട്ടാഞ്ചേരി മേഖലയിലുള്ളവർക്ക് എറണാകുളത്തേക്കും , വൈപ്പിനിലേക്കും യാത്ര ചെയ്യുന്നതിനും , എറണാകുളത്ത് നിന്ന് ടൂറിസം മേഖലയായ കൊച്ചി, മട്ടാഞ്ചേരി എന്നിവിടങ്ങളിലേക്കുമുള്ള യാത്രയും കുറെ കൂടി സുഗമമാകുമെന്നും മേയർ പറഞ്ഞു.

## ഹെർണിയ ഡേ കെയർ സർജറി ക്യാമ്പുമായി അങ്കമാലി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ

**കൊച്ചി:** ഹെർണിയ സർജറികൾക്ക് പ്രത്യേക ആനുകൂല്യങ്ങളുമായി അങ്കമാലി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ. ഗ്യാസ്ട്രോ സയൻസസ് വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

ഇൻഗ്വിനൽ ഹെർണിയബൈലാറ്ററൽ, ഇൻസിഷണൽ ഹെർണിയ, അംബിലിക്കൽ ഹെർണിയ, കോളിസിസ്റ്റക്ടമി എന്നീ സർജറികൾ ഡേ കെയർ സർജറി ക്യാമ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആശുപത്രി വാസം ആവശ്യമില്ലാതെ സർജറി കഴിഞ്ഞ ദിവസം തന്നെ രോഗിയ്ക്ക് വീട്ടിലേക്ക് മടങ്ങുവാൻ സാധിക്കുമെന്നതാണ് ഡേ കെയർ സർജറിയുടെ സവിശേഷതയെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി. വേദന കുറഞ്ഞ ഈ ശസ്ത്രക്രിയാ രീതിയിൽ മുറിവും വളരെ ചെറുതായിരിക്കും. ഇതിനായി വിദഗ്ദ്ധരായ മെഡിക്കൽ സംഘത്തെയും അത്യാധുനിക സംവിധാനങ്ങളും ആശുപത്രിയിൽ ഒരുക്കിയിട്ടുണ്ട്.

ഫെബ്രുവരി 10 വരെ ഹോസ്പിറ്റലിൽ നടക്കുന്ന ക്യാമ്പിൽ ഹെർണിയ ശസ്ത്രക്രിയകൾക്ക് പ്രത്യേക ഇളവുകൾ ലഭിക്കും. കുട്ടികൾക്കും മുതിർന്നവർക്കും ഇഷുറൻസ് പരിരക്ഷ ഇലാത്തവർക്കും പ്രത്യേക പാക്കേജുകൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കായി 8137 974 649 എന്ന നമ്പറിൽ ബന്ധപ്പെടാം

## അസറ്റ് മൂൺഗ്രേസ്, ഈസ്റ്റ്ബ്രൂക്ക് പദ്ധതികൾ ഉടമകൾക്ക് കൈമാറി

**കൊച്ചി:** അസറ്റ് ഹോംസ് നിർമാണം പൂർത്തിയാക്കിയ 80ാമത്തെയും 81ാമത്തെയും പദ്ധതികളായ കൊച്ചി എംജി റോഡിലെ അസറ്റ് മൂൺഗ്രേസ്, ആലുവ ദേശത്തെ അസറ്റ് ഈസ്റ്റ്ബ്രൂക്ക് എന്നിവ നിർമാണം പൂർത്തീകരിച്ച് ഉടമകൾക്ക് കൈമാറി. റിനൈ കൊച്ചിയിൽ നടന്ന ചടങ്ങിൽ എംഎൽഎമാരായ അൻവർ സാദത്ത്, ടി ജെ വിനോദ്, അസറ്റ് ഹോംസ് ബ്രാൻഡ് അംബാസഡർമാരായ പൃഥ്വിരാജ് സുകുമാരൻ, ആശാ ശരത്, സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സുനിൽകുമാർ വി. ഡയറക്ടർ എൻ മോഹനൻ, കൊളംബിയ പസഫിക് കമ്യൂണിറ്റീസ് ഡയറക്ടറും സിഇഒയുമായ ജി രാജഗോപാൽ തുടങ്ങിയവർ പങ്കെടുത്തു.കൊച്ചി എംജി റോഡിലെ അസറ്റ് മൂൺഗ്രേസ് നഗരഹൃദയത്തിൽ ആധുനിക ആഡംബര സൗകര്യങ്ങളൊരുക്കുന്ന 2, 3, 4 ബിഎച്ച്കെ അപ്പാർട്മെന്റുകളുടെ ലക്ഷ്വറി പദ്ധതിയാണ്. ആലുവയിലെ 2, 3 ബിഎച്ച്കെ പദ്ധതിയായ അസറ്റ് ഈസ്റ്റ്ബ്രൂക്കും പെരിയാർതീരത്ത്പ്രീമിയം ലൊക്കേഷനിലാണ്.18 വർഷത്തിനിടെ അസറ്റ് ഹോംസ് 81 പദ്ധതികൾ പൂർത്തിയാക്കിയെന്ന് ചടങ്ങിൽ സംസാരിച്ച മാനേജിംഗ് ഡയറക്ടർ സുനിൽ കുമാർ വി. പറഞ്ഞു. നിലവിൽ സംസ്ഥാനത്തെ 9 ജില്ലകളിലായി 35 പദ്ധതികൾ നിർമാണത്തിന്റെ വിവിധഘട്ടങ്ങളിലുണ്ട്.



രേഖാ ചിത്രം സിനിമയുടെ വിജയത്തിന്റെ സന്തോഷം പങ്കുവെച്ച് സംവിധായൻ ജോഫിൻ ടി ചാക്കോ, നടിമാരായ മേഘാ തോമസ്, ഭാമ അരുൺ, സറിൻ ഷിഹാബ് എന്നിവർ എറണാകുളം പ്രസ് ക്ലബ്ബിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുന്നു

# രേഖാ ചിത്രം ഒട്ടേറെ വെല്ലുവിളികൾ നിറഞ്ഞ ചിത്രം; സംവിധായകൻ ജോഫിൻ ടി. ചാക്കോ

**കൊച്ചി:** അഞ്ച് വർഷത്തോളത്തെ തങ്ങളുടെ കഠിനാധ്വാനത്തിന്റെ ഫലമാണ് രേഖാചിത്രം എന്ന സിനിമയെന്നും ഒട്ടേറെ വെല്ലുവിളികൾ നേരിട്ടാണ് ചിത്രീകരണം പൂർത്തിയാക്കിയതെന്നും സംവിധയകൻ ജോഫിൻ ടി ചാക്കോ എറണാകുളം പ്രസ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. മലയാളത്തിൽ മാത്രം ഉദ്ദേശിച്ച് പുറത്തിറക്കിയ ചിത്രം മറ്റ് ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യുന്നതിനോട് താൽപ്പര്യം ഇല്ല. പുതുമയുള്ള ഒരു ആഖ്യാനവുമായി രേഖാചിത്രം തിയേറ്ററിൽ എത്തിയപ്പോൾ ജനങ്ങൾ നൽകിയ പിന്തുണ വളരെയധികം മികച്ചതാണ്. ചിത്രം പ്രേക്ഷകർക്ക് ഇഷ്ടമായി എന്നറിയുന്നതിൽ സന്തോഷം. ഓൾട്ടർനേറ്റ് ഹിസ്റ്ററി എന്നതിന്റെ സാധ്യതകളെ സ്ക്രീനിൽ മികച്ച രീതിയിൽ അവതരിപ്പിക്കാൻ കഴിഞ്ഞുവെന്നാണ് വിശ്വാസം. മമ്മൂട്ടി ചിത്രം കാതോട് കാതോരം സിനിമയെ ചുറ്റിപ്പറ്റി മുന്നോട്ടു പോകുന്ന സിനിമയിൽ അദ്ദേഹത്തിന്റെ ഫിസിക്കൽ പ്രസൻസ് ഒരിക്കൽപോലും വേണ്ടന്നത് തങ്ങളുടെ തീരുമാനമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പഴയ കാലഘട്ടം സിനിമയിൽ കാണിക്കാൻ ആർട്ടിഫിഷൽ ഇന്റലിജന്റ് പ്രയോജനപ്പെടുത്തി. ചിത്രത്തിന്റെ ആലോചനാ വേളയിൽ എഐ അത്ര പരിചിതമല്ലായിരുന്നു. അതുകൊണ്ടുതന്നേ ഒരു പ്ലാൻ എ തങ്ങൾക്ക് ഉണ്ടായിരുന്നു. അത് ഉപയോഗിക്കേണ്ടിവന്നില്ല. എഐ വർക്കുകൾ കൊച്ചിയിലാണ് പൂർത്തീകരിച്ചത്. ജോൺ പോൾ അടക്കമുള്ളവരുടെ ഭാഗം ഇത്തരത്തിൽ ചിത്രീകരിച്ചതാണ്. പുതിയ സിനിമയ്ക്കായി പഴയ ചിത്രത്തിലെ താരങ്ങളെ കണ്ടത്തേണ്ടി വന്നതും വ്യത്യസ്ത അനുഭവമായിരുന്നുവെന്നും ജോഫിൻ ടി ചാക്കോ പറഞ്ഞു.ജീവിച്ചിരിക്കുന്നവരും മരിച്ചവരും ആയ ഒരുപാട് വ്യക്തികളുടെ ജീവിതത്തിലൂടെ സിനിമയുടെ കഥ പറഞ്ഞു പോകുന്നുണ്ട്. സിനിമയിൽ പ്രതിപാദിക്കുന്ന ജീവിച്ചിരിക്കുന്നവരുടെയും മരിച്ചു പോയവരുടെയും ഒക്കെ അനുമതിയില്ലാതെ ഈ ചിത്രം തിയേറ്ററിൽ എത്തുകയില്ല. ഒരുപാട് പേരുടെ എൻഒസി ഈ സിനിമയ്ക്ക് വേണ്ടി വന്നു. തന്റെ ആദ്യ ചിത്രമായ ദി പ്രീസ്റ്റിനേക്കാൾ വെല്ലുവിളി നിറഞ്ഞതായിരുന്നു രേഖാചിത്രമെന്നും ജോഫിൻ പറഞ്ഞു.2018ൽ ആയിരുന്നു രേഖാചിത്രം എന്ന സിനിമയുടെ ആദ്യ രൂപം ചർച്ചയിലൂടെ ഉടലെടുക്കുന്നത്. സിനിമയുടെ കഥ രൂപപ്പെട്ടത് മുതൽ ആസിഫ് അലി തന്നെ പ്രധാന വേഷം കൈകാര്യം ചെയ്യണം എന്നുണ്ടായിരുന്നു. എന്നാൽ അനശ്വര രാജനെ കുറച്ച് വളരെ വൈകിയാണ് ചിന്തിച്ചത്.

താരതമ്യേന വലിയ ചെലവുകളില്ലാതെ ചിത്രം പൂർത്തികരിക്കാനായെന്നും അദ്ദേഹം പറഞ്ഞു. ആദ്യ സിനിമയ്ക്ക് ശേഷം ഒരു ഇടവേള വന്നതുകൊണ്ട് ഇനി അത് ഉണ്ടാകരുതെന്നാണ് ആഗ്രഹം.ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ച നടിമാരായ മേഘാ തോമസ്, ഭാമ അരുൺ, സറിൻ ഷിഹാബ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു. രേഖാ ചിത്രം എന്ന സിനിമയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് ഇവർ പഞ്ഞു.

# സിംബിയോസിസ് ഇന്റർനാഷണൽ : ബിരുദ പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സിംബിയോസിസ് ഇന്റർനാഷണൽ (ഡീംഡ് യൂണിവേഴ്സിറ്റി), സിംബയോസിസ് എൻട്രൻസ് ടെസ്റ്റ്, എസ്ഐടി എഞ്ചിനീയറിംഗ് എൻട്രൻസ് എക്സാം എന്നിവയിലൂടെ വിവിധ ബിരുദ കോഴ്സുകളിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. 2025 ഏപ്രിൽ 12നകം ഔദ്യോഗിക പോർട്ടൽ വഴി അപേക്ഷകൾ സമർപ്പിക്കാം. 2025 മെയ് 5നും 11നുമാണ് പ്രവേശന പരീക്ഷ. 2025 മെയ് 22ന് ഫലം പ്രഖ്യാപിക്കും. ഒരു മണിക്കൂർ ദൈർഘ്യമുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷകളാണ് സെറ്റ്, എസ്ഐടിഇഇഇ എന്നിവ. ഇന്ത്യയിലുടനീളമുള്ള 80 നഗരങ്ങളിൽ വിദ്യാർത്ഥികൾക്ക് രണ്ടുതവണ പരീക്ഷ എഴുതാം. സെറ്റിൽ ജനറൽ ഇംഗ്ലീഷ്, ക്വാണ്ടിറ്റേറ്റീവ് ആപ്റ്റിറ്റിയൂഡ്, പൊതുബോധം, അനലിറ്റിക്കൽ, ലോജിക്കൽ റീസണിംഗ് എന്നിവ ഉൾപ്പെടുന്നു. അതേസമയം എസ്ഐടിഇഇഇ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നിവയിലെ പ്രാവീണ്യം വിലയിരുത്തുന്നു. രണ്ട് പരീക്ഷകളിലും മൂന്ന് മുതൽ നാല് വരെ വിഭാഗങ്ങളിലായി 60 ഒബ്ജക്റ്റീവ് ചോദ്യങ്ങളുണ്ടാവും. പരീക്ഷയ്ക്ക് നെഗറ്റീവ് മാർക്കുണ്ടാവില്ല.

സെറ്റ് 2025നുള്ള അപേക്ഷകർ കുറഞ്ഞത് 50% മാർക്കോടെ (എസ് സി/ എസ് ടിക്ക് 45%) പന്ത്രണ്ടാം ക്ലാസ് (10+2) അല്ലെങ്കിൽ തത്തുല്യ പരീക്ഷ പൂർത്തിയാക്കിയിരിക്കണം. ഓണേഴ്സ് വിത്ത് റിസർച്ചിൽ താൽപ്പര്യമുള്ളവർ ആറാം സെമസ്റ്ററിൽ കുറഞ്ഞത് 7.5 സിജിപിഎ നേടിയിരിക്കണം. ഒന്നിലധികം എൻട്രികൾക്കുള്ള യോഗ്യതാ മാനദണ്ഡം പിവൈയുജി പ്രോഗ്രാമുകൾക്കായുള്ള സർവകലാശാലയുടെ ലാറ്ററൽ എൻട്രി നിയമം അനുസരിച്ചായിരിക്കും. കെമിസ്ട്രി/ കംപ്യൂട്ടർ സയൻസ്/ ഇലക്ട്രോണിക്സ്/ ഇൻഫർമേഷൻ ടെക്നോളജി/ ബയോളജി/ ഇൻഫർമേറ്റിവ് പ്രാക്ടീസ്/ ബയോടെക്നോളജി/ ടെക്നിക്കൽ വൊക്കേഷണൽ/ അഗ്രികൾച്ചർ/ എഞ്ചിനീയറിംഗ് ഗ്രാഫിക്സ്/ ബിസിനസ് സ്റ്റഡീസ്/ എന്റർപ്രണർഷിപ്പ് എന്നീ വിഷയങ്ങളിൽ ഫിസിക്സ്, മാത്തമാറ്റിക്സ് എന്നിവ നിർബന്ധമായും പഠിച്ച് പ്ലസ് ടു പാസായിരിക്കണം. കുറഞ്ഞത് 45% മാർക്ക് (പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് 40%) ആവശ്യമാണ്. അല്ലെങ്കിൽ സമാന മേഖലയിൽ ഡി.വോക് സ്ട്രീം വിജയിച്ചിരിക്കണം.

സിംബിയോസിസ് പ്രവേശന പരീക്ഷ (സെറ്റ്) അല്ലെങ്കിൽ എസ്ഐടി എഞ്ചിനീയറിംഗ് എൻട്രൻസ് എക്സാം (എസ്ഐടിഇഇഇ) 2025 ന് രജിസ്റ്റർ ചെയ്യുന്നതിന്, അപേക്ഷകർ www.set-test.org വഴി 2025 ഏപ്രിൽ 12 നകം ഓൺലൈൻ രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാക്കണം. ഒരു പരീക്ഷയ്ക്ക് 2250 രൂപയും ഒരു പ്രോഗ്രാമിന് 1000 രൂപയുമാണ് ഫീസ്. 'സിംബിയോസിസ് പരീക്ഷ സെക്രട്ടേറിയറ്റ്' എന്ന വിലാസത്തിൽ ഓൺലൈനായോ ഡിമാൻഡ് ഡ്രാഫ്റ്റായോ പണമടയ്ക്കാം. ഒന്നാമത്തെ പരീക്ഷയ്ക്കായുള്ള അഡ്മിറ്റ് കാർഡുകൾ 2025 ഏപ്രിൽ 25 മുതലും രണ്ടാമത്തെ പരീക്ഷയ്ക്കുള്ള കാർഡുകൾ ഏപ്രിൽ 30നും ഡൗൺലോഡ് ചെയ്യാൻ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് https://www.set-test.org/



# ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല സ്ഥാപകദിനം ആഘോഷിച്ചു

**പിറവം:** ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ എട്ടാമത് സ്ഥാപകദിനം ആഘോഷിച്ചു. ഓണക്കൂറിലെ ലളിത പ്രതിഷ്ഠാനത്തിലായിരുന്നു ചടങ്ങുകൾ. മദൻ പദ്കി ചടങ്ങിൽ മുഖ്യ അതിഥിയായി പങ്കെടുത്ത് വിദ്യാർഥികളുമായി സംവദിച്ചു. ജോലി മാത്രം ലക്ഷ്യമിട്ടുള്ള വിദ്യാഭ്യാസത്തിന് മാറ്റം വരണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വെളിയനാട് ചിന്മയ ഇന്റർനാഷൽ ഫൗണ്ടേഷനിലെ മുഖ്യ ആചാര്യനായ സ്വാമി ശാരദാനന്ദ സരസ്വതി അനുഗ്രഹ പ്രഭാഷണം നടത്തി. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. അജയ് കപൂർ ചടങ്ങിൽ അധ്യാക്ഷനായി. വിവിധ മേഖലകളിൽ മികവ് പുലർത്തിയ വിദ്യാർഥികളെ ചടങ്ങിൽ ആദരിച്ചു. സർവകലാശാല റജിസ്ട്രാർ പ്രൊഫ.ടി.അശോകൻ ചടങ്ങിന് സ്വാഗതം ആസംസിച്ചു. യൂണിവേഴ്സിറ്റിയുടെ കഴിഞ്ഞ ഒരുവർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. റജീസ്ട്രാർ പ്രോഫ. ടി.അശോകനും, സർവകലാശാല ഡീൻ സുനീത ഗ്രാന്ധിയും ചേർന്ന് അവതരിപ്പിച്ചു. ചിന്മയ വിശ്വവിദ്യാപീഠം ട്രസ്റ്റ് മാനേജിങ് ട്രസ്റ്റി ഡോ. അപ്പാറാവു മുക്കാമല, ചിന്മയ വിശ്വവിദ്യാപീഠം ട്രസ്റ്റ് എക്സിക്യൂവ് സെക്രട്ടറി എൻ.എം.സുന്ദർ തുടങ്ങിയവർ സംസാരിച്ചു. സർവകലാശാലയിലെത്തിയ സ്വാമി ശാരദാനന്ദ സരസ്വതിയെ പൂർണകുഭം നൽകിയാണ് വരവേറ്റത്. സർവകാലാശാലയിലെ വിദ്യാർഥികൾ അവതരിച്ച ഭാരതത്തിന്റെ പാരമ്പര്യവും ഐക്യവും വിളംബരം ചെയ്യുന്ന നൃത്തശിൽപം ചടങ്ങിന് മിഴിവേകി.വിവിധ പഠന വകുപ്പുകളിലെ വിദ്യാർഥികളുടെ കലാപരിപാടികളും സ്ഥാപനദിനത്തിന്റെ ഭാഗമായി ഒരുക്കിയിരുന്നു.



സൊസൈറ്റി ടുഡേ SOCIETY TODAY

# ഇന്ത്യൻ യാത്രികർക്ക് ദുബായ് ഡ്യൂട്ടി ഫ്രീയിൽ യുപിഐ പേയ്മെന്റ് സൗകര്യം

**കൊച്ചി:** നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ (എൻപിസിഐ) അന്താരാഷ്ട്ര വിഭാഗമായ എൻപിസിഐ ഇന്റർനാഷണൽ പേയ്മെന്റ്സ് ലിമിറ്റഡ് (എൻഐപിഎൽ) യുഎഇയിലെ മാഗ്നാറ്റിയുമായി സഹകരണം പ്രഖ്യാപിച്ചതോടെ മാഗ്നാറ്റിയുടെ പോയിന്റ് ഓഫ് സെയിൽ (പിഒഎസ്) ടെർമിനലുകൾ വഴി ഇന്ത്യൻ യാത്രക്കാർക്ക് യുഎഇയിലെ ക്യുആർ അധിഷ്ഠിത മർച്ചന്റ് പേയ്മെന്റ് നെറ്റ്വർക്കിലൂടെ ഇനി മുതൽ പണമിടപാടുകൾ നടത്താം.

ദുബായിലേക്കും യുഎഇയിലേക്കും പ്രതിവർഷം യാത്ര ചെയ്യുന്ന 12 ദശലക്ഷത്തിലധികം ഇന്ത്യക്കാർക്ക് തടസമില്ലാത്ത പേയ്മെന്റ് സൗകര്യങ്ങൾ നൽകാൻ എൻഐപിഎല്ലിന് സാധിക്കും. ആദ്യ ഘട്ടത്തിൽ ദുബായ് ഡ്യൂട്ടി ഫ്രീയിലുടനീളം ലഭ്യമായ ഈ സേവനം പിന്നീട് റീട്ടെയിൽ, ഹോസ്പിറ്റാലിറ്റി, ഗതാഗതം, സൂപ്പർമാർക്കറ്റ് തുടങ്ങിയ തുടങ്ങിയ മേഖലകളിലും ലഭിക്കും. യുഎഇയിൽ യുപിഐ സ്വീകാര്യത വികസിപ്പിക്കുന്നതിനുള്ള തന്ത്രപരമായ ചുവടുവയ്പ്പാണ് മാഗ്നാറ്റിയുമായുള്ള പങ്കാളിത്തമെന്ന് എൻപിസിഐ ഇന്റർനാഷണൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിതേഷ് ശുക്ല പറഞ്ഞു.എൻപിസിഐ ഇന്റർനാഷണലുമായുള്ള സഹകരണത്തിലൂടെ ഡിജിറ്റൽ പേയ്മെന്റുകൾ ശക്തിപ്പെടുത്താനും ഇന്ത്യൻ യാത്രക്കാർക്കും എൻആർഐകൾക്കും തടസമില്ലാത്ത സേവനങ്ങൾ ഉറപ്പാക്കാനുമാണ് ലക്ഷ്യമിടുന്നതെന്ന് മാഗ്നാറ്റി ഇൻസ്റ്റിറ്റിയൂഷണൽ പെയ്മെന്റ് സൊലൂഷ്യൻസ് മാനേജിംഗ് ഡയറക്ടർ സലിം അവാൻ പറഞ്ഞു.എൻപിസിഐ ഇന്റർനാഷണലുമായുള്ള മാഗ്നാറ്റിയുടെ സഹകരണത്തിലൂടെ വ്യാപാരികൾക്കും ഉപഭോക്താക്കൾക്കും അനായാസവും സുരക്ഷിതവുമായ പണമിടമാട് നടത്താനാകുമെന്ന് ദുബായ് ഡ്യൂട്ടി ഫ്രീ സിഇഒ രമേശ് സിദാംബി പറഞ്ഞു.

# ക്ലെയിം പ്രക്രിയ കൂടുതൽ സുതാര്യമാക്കി മീഷോ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇകൊമേഴ്സ് വിപണിയായ മീഷോ, അവരുടെ വിതരണ ശൃംഖലയിലും ക്ലെയിം പ്രക്രിയയിലും പുതിയ മെച്ചപ്പെടുത്തലുകൾ പ്രഖ്യാപിച്ചു. 3.4 ദശലക്ഷത്തിലധികം യഥാർത്ഥ ക്ലെയിമുകൾ അംഗീകരിച്ചുകൊണ്ട്, ക്ലെയിം റെസല്യൂഷൻ സമയങ്ങളിൽ 70% കുറവാണ് വരുത്തിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. വിതരണ ശൃംഖലയുടെ സമഗ്രത വർദ്ധിപ്പിക്കുന്നതിന്, നയങ്ങളിൽ വെള്ളം ചേർക്കുന്ന ഫീൽഡ് എക്സിക്യൂട്ടീവുകളെ നീക്കം ചെയ്യുകയും മൂന്നാം കക്ഷി ലോജിസ്റ്റിക് കമ്പനികളുമായി പങ്കാളിത്തം നടത്തുകയും ചെയ്യുന്നതിനൊപ്പം, ഷിപ്പ്മെന്റുകളിലെ പിശകുകൾ പോലുള്ള പ്രശ്നങ്ങൾ തിരിച്ചറിയാൻ എഐ പിന്തുണയുള്ള ഇമേജ് വിശകലനവും പുതിയ അപ്ഗ്രേഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.മീഷോ ഉപയോക്തൃ സ്ഥിരീകരണ നടപടികൾ ശക്തിപ്പെടുത്തുകയും മികച്ച ട്രാക്കിംഗിനും പൊരുത്തക്കേടുകൾ കുറയ്ക്കുന്നതിനുമായി ബാർകോഡ് പാക്കേജിംഗ് അവതരിപ്പിക്കുകയും ചെയ്തു. യഥാർത്ഥ വിൽപ്പനക്കാരെ സംരക്ഷിക്കുന്നതിനായി വിൽപ്പനക്കാർക്ക് അനുകൂലമായ റീഇംബേഴ്സ്മെന്റ് പോളിസികളും തട്ടിപ്പ് തിരിച്ചറിയൽ നടപടികളും കമ്പനി നടപ്പാക്കിയിട്ടുണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# 1,500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

**തിരുവനന്തപുരം:** സംസ്ഥാനത്തിൻറെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു.

ഇതിനായുള്ള ലേലം 21ന് റിസർവ് ബാങ്കിൻറെ മുംബൈ ഫോർട്ട് ഓഫീസിൽ ഇകുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www. finance.kerala.gov.in) സന്ദർശിക്കുക.

# തനിഷ്കിന്റെ ജോയ് ഓഫ് ഗിഫ്റ്റിംഗ് ഫെസ്റ്റിവൽ

**കൊച്ചി:** മുൻനിര ആഭരണ ബ്രാൻഡുകളിലൊന്നായ മിഅ ബൈ തനിഷ്ക് 'ജോയ് ഓഫ് ഗിഫ്റ്റിംഗ് ഫെസ്റ്റിവൽ' ആരംഭിക്കുന്നു. ഫെസ്റ്റിവലിൻറെ ഭാഗമായി മിഅ ബൈ തനിഷ്കിൻറെ പുതിയ ആഭരണ ശേഖരമായ ക്യുപിഡ് എഡിറ്റ് 3.0 അവതരിപ്പിച്ചു.ഫെബ്രുവരി 16 വരെയാണ് ജോയ് ഓഫ് ഗിഫ്റ്റിംഗ് ഫെസ്റ്റിവൽ. ഫെസ്റ്റിവലിന്റെ ഭാഗമായി മിഅ ബൈ തനിഷ്കിന്റെ എല്ലാ ഡയമണ്ട് ആഭരണങ്ങൾക്കും മൊത്തം ബിൽ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 20 ശതമാനം വരെ ഇളവ് ലഭിക്കും. കൂടാതെ, മിഅ ബൈ തനിഷ്കിൻറെ സിൽവർ കളക്ഷനിലെ തിരഞ്ഞെടുത്ത ആഭരണങ്ങൾക്ക് 15 ശതമാനം കിഴിവും




ലഭിക്കും.മിഅ ബൈ തനിഷ്കിൻറെ ഏറ്റവും പുതിയ ക്യുപിഡ് എഡിറ്റ് 3.0 ആഭരണ ശേഖരത്തിൽ 40ലധികം രൂപകല്പനകളിലുള്ള ആഭരണങ്ങളാണുള്ളത്. ടോയ്എറ്റ്മോയ്പ്രചോദിതമായ ആഭരണങ്ങൾക്ക് പുറമേ മോഡുലാർ മോതിരങ്ങളും ക്രമീകരിക്കാവുന്ന നെക്ലേസുകളുമെല്ലാം ഈ മനോഹരമായ ശേഖരത്തിൽ ഉൾപ്പെടുന്നുവെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ് മിഅ ബൈ തനിഷ്ക് ബിസിനസ് ഹെഡ് ശ്യാമള രമണൻ പറഞ്ഞു.ജോയ് ഓഫ് ഗിഫ്റ്റിംഗ് ഫെസ്റ്റിവലിൻറെ ഭാഗമായി തയ്യാറാക്കിയ ആഭരണ ശേഖരങ്ങളും എക്സ്ക്ലൂസീവ് ഓഫറുകളും ഉപയോക്താക്കൾ ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും അവർ പറഞ്ഞു.




# വീൽ അലൈൻമെന്റ് അനുബന്ധ സർവീസ് നിരക്കുകളിൽ 10 % വർദ്ധനവ്

കൊച്ചി:വീൽ അലൈൻമെന്റ് അനുബന്ധമായ സർവീസ് നിരക്കുകളിൽ 10 % വർദ്ധനവ് ഏർപ്പെടുത്തിയെന്ന് ടയർ ഡീലേഴ്സ് ആന്റ് അലൈൻമെന്റ് അസോസിയേഷൻ (കേരള) സംസ്ഥാന പ്രസിഡന്റ് സി കെ ശിവകുമാർ പാവളം,സംസ്ഥാന സെക്രട്ടറി എച്ച്. ഷാജഹാൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

അലൈൻമെന്റ് മെഷിനറി സ്പയേഴ്സിലും, സർവീസുകളിലും, വൈദ്യുതിനിരക്കിലും കെട്ടിടവാടകയിനത്തിലും നിരന്തരമായി നടന്നുകൊണ്ടിരിക്കുന്ന വില വർദ്ധനവുകൾ താങ്ങാവുന്നതിലും അധികമായതിനെ തുടർന്നാണ് വീൽ അലൈൻമെന്റ് അനുബന്ധമായ സർവീസ് നിരക്കുകളിൽ ഒരൽപം വർദ്ധനവ് ഏർപ്പെടുത്തുന്നതെന്ന് ഭാരവാഹികൾ പറഞ്ഞു.

ജീവനക്കാരുടെ ശബളവർദ്ധനവും വർദ്ധിച്ചു വരികയാണെന്നും അവർ പറഞ്ഞു.നിർമാണ തകരാറ് മൂലവും, പൊട്ടിയതുമായ ടയറുകൾ കമ്പനികളുടെ പേര് വിവരങ്ങൾ മായ്ച്ചുകൊണ്ട് പൊതുജനങ്ങൾക്ക് ഭീഷണിയാകുന്ന രീതിയിൽത്തന്നെ വീണ്ടും പൊതുവിപണിയിലേക്ക് നികുതി വെട്ടിപ്പ് നടത്തികൊണ്ട് എത്തിച്ചു നൽകുന്ന മാഫിയ സംഘങ്ങൾ സംസ്ഥാനത്തുടനീളം സജീവമായിട്ടുണ്ട്. ടയർ ഡീലേഴ്സ് ആന്റ് അലൈൻമെന്റ് അസോസിയേഷൻ കേരള ഇക്കാര്യം ചൂണ്ടിക്കാട്ടി രേഖാമൂലം സർക്കാറിന് പരാതി നൽകിയിട്ടുണ്ടെങ്കിലും ഇതേ വരെ അവർ നടപടികൾ സ്വീകരിച്ചച്ചിട്ടില്ല.

പൊതു സമൂഹത്തിന് ഭീഷണിയായിരിക്കുന്ന ഇത്തരം കാര്യങ്ങൾ ഗൗരവത്തോടെ കാണണമെന്നും ഭാരവാഹികൾ ആവശ്യപ്പെട്ടു.ചടങ്ങിൽവീൽ അലൈൻമെന്റ് സർവീസ് ചാർജിന്റെ പുതുക്കിയ പ്രൈസ് ലിസ്റ്റിന്റെ പ്രകാശനവും, റ്റിഡാക്കിന്റെ അംഗങ്ങൾക്കും, തൊഴിലാളികൾക്കും ഉള്ള ഇൻഷുറൻസ് കാർഡിന്റെ വിതരണവും നടത്തി. ട്രഷറർ ശിവ പ്രകാശ്, വൈസ് പ്രസിഡന്റുമാരായ റെബിൻ സണ്ണി, മനോജ് ജേക്കബ്, ജോയിന്റ് സെക്രട്ടറിമാരായ വിനോദ് വേണു,നൗഷീർ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com